# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മഴവന്നൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(പി1)-1554/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 09/02/2022
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മഴുവന്നൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മഴുവന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മഴുവന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(പി1)-1554/2021 തീയ്യതി: 09/02/2022

## എറണാകുളം ജില്ലയിലെ മഴുവന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ മഴുവന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 19 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.കെ.എ.ഷാജിമോൻ | ഡെപ്യൂട്ടി ഡയറക്ടർ | 20-10-2021 | 30-10-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 20-10-2021 | 30-10-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി മിനു പി.കെ., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീമതി ശ്രീജ ഉണ്ണിക്കൃഷ്ണൻ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ഷൈബി ഇ.ഡി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി കവിത എസ്. കണ്ണൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ
കുമാരി മെസ്സി കെ.പി., സീനിയർ ഗ്രേഡ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി അമ്മുക്കുട്ടി സുദർശനൻ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ, സേതു.കെ.ആർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2019 | 24-04-2019 |
| ശ്രീ, ജഗദീഷ്.എം.പി. | സെക്രട്ടറി | 25-04-2019 | 08-01-2020 |
| ശ്രീമതി. അനിമോൾ.കെ. | സെക്രട്ടറി | 09-01-2020 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ, സേതു.കെ.ആർ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 25-07-2019 |
| ശ്രീ,റോഷിൻ കോശി | അസിസ്റ്റന്റ് സെക്രട്ടറി | 26-07-2019 | 31-03-2020 |
| ശ്രീ, വിനോദ്.വി.ഡി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീമതി നിഷ .പി. എസ് | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി സുനിത സുരേന്ദ്രൻ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ഡോ. ശ്രീലേഖ ദിവാകർ | മെഡിക്കൽ ഓഫീസർ സി.എച്ച്.സി, | 01-04-2019 | 31-03-2020 |
| ഡോ. ഷീല.പി.സി. | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2019 | 13-12-2019 |
| ഡോ. ഹിരൺമേരി തോമസ്.കെ. | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 14-12-2019 | 31-03-2020 |
| ഡോ. ഹേമ തിലക് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2019 | 31-03-2020 |
| ഡോ. ബിജു.കെ.വർഗീസ് | വെറ്റിനറി സർജൻ | 01-04-2019 | 11-08-2019 |
| ഡോ. രാജേഷ്.പി.ബി | വെറ്റിനറി സർജൻ | 12-08-2019 | 31-03-2020 |
| ശ്രീമതി ജയ.കെ.ആർ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |
| ശ്രീ.ശിവദാസൻ.എം.കെ. | ഹെഡ്മാസ്റ്റർ | 01-04-2019 | 31-03-2020 |
| ശ്രീ അനിൽ പി എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (മഴവന്നൂർ)) | 01-04-2019 | 16-09-2019 |
| ആർക്കും ചാർജില്ല | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (മഴവന്നൂർ) | 17-09-2019 | 22-09-2019 |
| ശ്രീ പ്രതീഷ്കുമാർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (മഴവന്നൂർ) | 23-09-2019 | 07-12-2019 |

| | | | |
|---|---|---|---|
| ശ്രീ ഹരീഷ്കുമാർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (മഴവന്നൂർ) | 08-12-2019 | 31-03-2020 |
| ശ്രീ രാജേഷ് ടി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (നെല്ലാട്) | 01-04-2019 | 24-09-2019 |
| ശ്രീമതി ടെസ് ടെറീറ്റ മേരി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (നെല്ലാട്) | 25-09-2019 | 31-03-2020 |
| ശ്രീമതി റഷീദ റ്റി എ | വില്ലേജ് എക്സ്റ്റൻഷൻ) ഓഫീസർ (ഐരാപുരം) | 01-04-2019 | 24-09-2019 |
| ശ്രീമതി ടെസ് ടെറീറ്റ മേരി | വില്ലേജ് എക്സ്റ്റൻഷൻ) ഓഫീസർ (ഐരാപുരം) | 25-09-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Kavitha S Kannan (Senior Grade Auditor, On 27-10-2021)<br>Last Updated By: Raj N.C (Computer Assistant, On 13-12-2021) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Sreeja Unnikrishnan (Asst. Audit Officer, On 14-12-2021)<br>Last Updated By: Sreeja Unnikrishnan (Asst. Audit Officer, On 14-12-2021) | 1-2 |
| 3 | വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ<br>Written By: Sreeja Unnikrishnan (Asst. Audit Officer, On 30-10-2021)<br>Last Updated By: Sreeja Unnikrishnan (Asst. Audit Officer, On 14-12-2021) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Kavitha S Kannan (Senior Grade Auditor, On 25-10-2021)<br>Last Updated By: Raj N.C (Computer Assistant, On 07-02-2022) | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം<br>Written By: Kavitha S Kannan (Senior Grade Auditor, On 25-10-2021)<br>Last Updated By: Raj N.C (Computer Assistant, On 07-02-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Kavitha S Kannan (Senior Grade Auditor, On 25-10-2021)<br>Last Updated By: Raj N.C (Computer Assistant, On 13-12-2021) | 1-5 |
| 7 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി<br>Written By: Kavitha S Kannan (Senior Grade Auditor, On 25-10-2021)<br>Last Updated By: Raj N.C (Computer Assistant, On 13-12-2021) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Kavitha S Kannan (Senior Grade Auditor, On 25-10-2021)<br>Last Updated By: Raj N.C (Computer Assistant, On 13-12-2021) | 1-7 |
| 9 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Kavitha S Kannan (Senior Grade Auditor, On 28-10-2021)<br>Last Updated By: Raj N.C (Computer Assistant, On 13-12-2021) | 1-8 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Kavitha S Kannan (Senior Grade Auditor, On 25-10-2021)<br>Last Updated By: Raj N.C (Computer Assistant, On 13-12-2021) | 1-9 |
| 11 | ആഭ്യന്തര നിയന്ത്രണം<br>Written By: Kavitha S Kannan (Senior Grade Auditor, On 28-10-2021)<br>Last Updated By: Raj N.C (Computer Assistant, On 13-12-2021) | 1-10 |
| 12 | വസ്തുനികുതി കളക്ഷൻ തുക - രസീതും സഞ്ചയ സ്റ്റേറ്റ്മെന്റും തമ്മിൽ വ്യത്യാസം - രസീതിൽ ഇനവിവരം രേഖപ്പെടുത്തിയില്ല.<br>Written By: Mercy KP (Auditor, On 29-10-2021)<br>Last Updated By: Raj N.C (Computer Assistant, On 13-12-2021) | 1-11 |
| 13 | ആസ്തിസംരക്ഷണത്തിലെ പിഴവ്-അപകടമരണത്തിന് നഷ്ടപരിഹാരം നൽകേണ്ടി വന്നു.<br>Written By: Shaiby.E.D (Asst. Audit Officer, On 28-10-2021)<br>Last Updated By: Raj N.C (Computer Assistant, On 13-12-2021) | 1-12 |
| 14 | 'പെൻസിൽ' ക്യാമ്പ് - ചെലവ് തുക 'കില'യിൽ നിന്നും ലഭ്യമായില്ല<br>Written By: Shaiby.E.D (Asst. Audit Officer, On 15-12-2021)<br>Last Updated By: Raj N.C (Computer Assistant, On 15-12-2021) | 1-13 |
| 15 | പ്രൈവറ്റ് ഹോസ്പിറ്റൽ / പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂഷൻസ് ജീവനക്കാർ, കോൺട്രാക്ടർമാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല<br>Written By: Mercy KP (Auditor, On 29-10-2021)<br>Last Updated By: Raj N.C (Computer Assistant, On 07-02-2022) | 1-14 |
| 16 | ബഡ്സ് സ്കൂൾ പദ്ധതി- വികസന ഫണ്ടിൽ നിന്നും വേതനം അനുവദിച്ചു | 1-15 |

| | | |
|---|---|---|
| | Written By: Kavitha S Kannan (Senior Grade Auditor, On 26-10-2021)<br>Last Updated By: Raj N.C (Computer Assistant, On 07-02-2022) | |
| 17 | ആസ്തി സംരക്ഷണം<br>Written By: Kavitha S Kannan (Senior Grade Auditor, On 26-10-2021)<br>Last Updated By: Raj N.C (Computer Assistant, On 13-12-2021) | 1-16 |
| 18 | കാലിത്തീറ്റ വിതരണപദ്ധതി-കൈകാര്യചെലവ് ലഭിച്ചില്ല<br>Written By: Kavitha S Kannan (Senior Grade Auditor, On 26-10-2021)<br>Last Updated By: Raj N.C (Computer Assistant, On 13-12-2021) | 1-17 |
| 19 | ബാലസഭ ക്യാമ്പ് - രേഖകൾ ഹാജരാക്കേണ്ടതാണ്<br>Written By: Kavitha S Kannan (Senior Grade Auditor, On 26-10-2021)<br>Last Updated By: Raj N.C (Computer Assistant, On 07-02-2022) | 1-18 |
| 20 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല.<br>Written By: Shaiby.E.D (Asst. Audit Officer, On 28-10-2021)<br>Last Updated By: Raj N.C (Computer Assistant, On 13-12-2021) | 1-19 |
| 21 | ഭവന പുനരുദ്ധാരണം-പ്രവൃത്തി പൂർത്തീകരിച്ചില്ല<br>Written By: Kavitha S Kannan (Senior Grade Auditor, On 29-10-2021)<br>Last Updated By: Raj N.C (Computer Assistant, On 14-12-2021) | 1-20 |
| 22 | കുടിവെള്ളവിതരണം-വാഹനത്തിന്റെ ജി പി എസ് ട്രാക്ക്റെക്കോർഡ് ലഭ്യമാക്കിയില്ല<br>Written By: Shaiby.E.D (Asst. Audit Officer, On 29-10-2021)<br>Last Updated By: Raj N.C (Computer Assistant, On 14-12-2021) | 1-21 |
| 23 | മൊബൈൽ ടവറുകളുടെ വസ്തുനികുതി പിരിച്ചെടുക്കാത്തത് സംബന്ധിച്ച്<br>Written By: Mercy KP (Auditor, On 30-10-2021)<br>Last Updated By: Raj N.C (Computer Assistant, On 14-12-2021) | 1-22 |
| 24 | വാടക സംബന്ധിച്ച് ബൈലോ തയ്യാറാക്കി വാടക പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്.<br>Written By: Mercy KP (Auditor, On 30-10-2021)<br>Last Updated By: Raj N.C (Computer Assistant, On 14-12-2021) | 1-23 |
| 25 | പട്ടികജാതി കുടുംബങ്ങൾക്ക് വാട്ടർ കണക്ഷൻ-കണക്ഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല<br>Written By: Sreeja Unnikrishnan (Asst. Audit Officer, On 30-10-2021)<br>Last Updated By: Raj N.C (Computer Assistant, On 14-12-2021) | 1-24 |
| 26 | പട്ടികജാതി കുടുംബങ്ങൾക്ക് വാട്ടർ കണക്ഷൻ-ചെലവ് രേഖകൾ ഹാജരാക്കിയില്ല<br>Written By: Sreeja Unnikrishnan (Asst. Audit Officer, On 30-10-2021)<br>Last Updated By: Raj N.C (Computer Assistant, On 07-02-2022) | 1-25 |
| 27 | പട്ടികജാതി പെൺകുട്ടികൾക്ക് വിവാഹ ധനസഹായം<br>Written By: Sreeja Unnikrishnan (Asst. Audit Officer, On 30-10-2021)<br>Last Updated By: Raj N.C (Computer Assistant, On 14-12-2021) | 1-26 |
| 28 | ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടവർക്ക് പോഷകാഹാര കിറ്റ് - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ.<br>Written By: Sreeja Unnikrishnan (Asst. Audit Officer, On 30-10-2021)<br>Last Updated By: Raj N.C (Computer Assistant, On 07-02-2022) | 1-27 |
| 29 | പട്ടികജാതിക്കാർക്ക് പി.വി.സി വാട്ടർ ടാങ്ക് - തുക ചെലവഴിച്ചതിന്റെ വിവരം<br>Written By: Sreeja Unnikrishnan (Asst. Audit Officer, On 30-10-2021)<br>Last Updated By: Raj N.C (Computer Assistant, On 07-02-2022) | 1-28 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |

| | | |
|---|---|---|
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം<br>Written By: Kavitha S Kannan (Senior Grade Auditor, On 27-10-2021)<br>Last Updated By: Raj N.C (Computer Assistant, On 14-12-2021) | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Kavitha S Kannan (Senior Grade Auditor, On 27-10-2021)<br>Last Updated By: Raj N.C (Computer Assistant, On 14-12-2021) | 4-2 |
| 3 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Kavitha S Kannan (Senior Grade Auditor, On 27-10-2021)<br>Last Updated By: Raj N.C (Computer Assistant, On 07-02-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നല്കിയതിന്റെ വിവരങ്ങൾ<br>Written By: Kavitha S Kannan (Senior Grade Auditor, On 27-10-2021)<br>Last Updated By: Raj N.C (Computer Assistant, On 14-12-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Kavitha S Kannan (Senior Grade Auditor, On 27-10-2021)<br>Last Updated By: Raj N.C (Computer Assistant, On 14-12-2021) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Kavitha S Kannan (Senior Grade Auditor, On 27-10-2021)<br>Last Updated By: Raj N.C (Computer Assistant, On 14-12-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Kavitha S Kannan (Senior Grade Auditor, On 27-10-2021)<br>Last Updated By: Raj N.C (Computer Assistant, On 14-12-2021) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശങ്ങൾ<br>Written By: Kavitha S Kannan (Senior Grade Auditor, On 27-10-2021)<br>Last Updated By: Raj N.C (Computer Assistant, On 14-12-2021) | 4-8 |
| 9 | ചാർജ്-സർചാർജ് നടപടികളുടെ വിവരം<br>Written By: Kavitha S Kannan (Senior Grade Auditor, On 27-10-2021)<br>Last Updated By: Raj N.C (Computer Assistant, On 14-12-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Kavitha S Kannan (Senior Grade Auditor, On 27-10-2021)<br>Last Updated By: Raj N.C (Computer Assistant, On 14-12-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Kavitha S Kannan (Senior Grade Auditor, On 27-10-2021)<br>Last Updated By: Raj N.C (Computer Assistant, On 14-12-2021) | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2019-20 സാമ്പത്തികവർഷത്തേക്കുള്ള ബജറ്റ് ഭരണസമിതിയുടെ 15/02/2019 തീയതിയിലെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ഭരണസമിതിയുടെ 26/02/2019 തീയതിയിലെ 1(1) തീരുമാനപ്രകാരം പുതുക്കിയ ബജറ്റിന് അംഗീകാരം നൽകുകയുമുണ്ടായി. വിശദവിവരം ചുവടെ ചേർക്കുന്നു.

| | റിവൈസ്ഡ് ബജറ്റ് പ്രകാരം |
|---|---|
| വരവ് | 316681127 |
| ചെലവ് | 314028600 |

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.7.2020 | 08.6.2020 |

## 1-2-1 വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ

വാർഷിക ധനകാര്യപത്രികകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1.വസ്തുനികുതിയുടെ സഞ്ചയ പ്രകാരമുള്ള ഡി.സി.ബി വാർഷിക ധനകാര്യ പത്രികയിലെ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

2. സ.ഉ.(എം.എസ്.)152/2011/തസ്വഭവ/26.7.11 പ്രകാരം ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല. ആസ്തികൾ രേഖപ്പെടുത്തുന്ന സചിത്ര സോഫ്റ്റ്‌വെയർ സാംഖ്യയുമായി ലിങ്ക് ചെയ്തിട്ടില്ല. ആസ്തികളുടെ അക്കൗണ്ടിംഗ് പൂർത്തിയാക്കാത്തതിനാൽ പഞ്ചായത്ത് ഫണ്ടിന്റെ കൃത്യത ഉറപ്പാക്കുവാൻ സാധിക്കുന്നില്ല.
3. വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങളും പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെ കുറിച്ചുള്ള കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്))

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 22130667.00 |
| ഓഡിറ്റ് വർഷത്തെ വരവ് | 101462107.00 |
| ആകെ | 123592774.00 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 93669552.00 |
| നീക്കിയിരിപ്പ് | 29923222.00 |
| വരവിനങ്ങളിലുള്ള നഷ്ടം | 00 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 833679.00 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് പ്രകാരം വരവ് (ACR) | ആകെ | ചെലവ് | നീക്കിയിരുപ്പ് | ചെലവഴിക്കാതെ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 17918868 | 17918868 | 14744579 | 0 | 3174289 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 11589382 | 11589382 | 7603187 | 0 | 3986195 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 313126 | 313126 | 164500 | 0 | 148926 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 25954000 | 25954000 | 8250364 | 0 | 17703636 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 5754000 | 5754000 | 3907657 | 0 | 1846343 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 13056219 | 13056219 | 9466365 | 0 | 3589854 |
| കേന്ദ്രാവിഷ്കൃതഫണ്ട്-സാനിട്ടേഷൻ 320 100 115 | 2931126 | 0 | 2931126 | 607141 | 2323985 | 0 |

| | | | | | | |
|---|---|---|---|---|---|---|
| എൻ.ആർ.ഇ.ജി.എസ് | 1839 | 867966 | 869805 | 868649 | 1156 | 0 |
| 320 100 101-Admin.Exp EFMS | 0 | 22957090 | 22957090 | 22957090 | 0 | 0 |
| ICDS- 320 100 121 | 943909 | 3996908 | 4940817 | 1245047 | 3695770 | 0 |
| ARWSS 320100125 | 30927 | 1077 | 32004 | 0 | 32004 | 0 |
| മറ്റുള്ളവ (വിമുക്തി ഫണ്ട് ഉൾപ്പെടെ) 320100199 | 570800 | 14329 | 585129 | 495583 | 89546 | 0 |
| സംസ്ഥാനാവിഷ്കൃതഫണ്ട് | | | | | | |
| ബഡ്സ് സ്കൂൾ ഫണ്ട് 320200307 | 187161 | 235640 | 422801 | 161870 | 260931 | 0 |
| കേരളോത്സവം | 35000 | 0 | 35000 | 10060 | 24940 | 0 |
| ശചിത്വമിഷൻ 320200322 | 540000 | 0 | 540000 | 190000 | 350000 | 0 |
| സാക്ഷരത | 2717 | 94 | 2811 | 0 | 2811 | 0 |
| സാനിറ്റേഷൻ 320300103 | 90000 | - | 90000 | 0 | 90000 | 0 |
| മറ്റുള്ളവ 320300199 | 1550796 | 0 | 1550796 | 37345 | 1513451 | 0 |
| ദുരിതാശ്വാസ നിധി | 3231 | 142 | 3373 | 0 | 3373 | 0 |
| ജോയിന്റ് വെഞ്ച്വർ ബ്ലോക്ക് പഞ്ചായത്ത് | 1651048 | 90വികസന ഫണ്ട് (എസ്.സി.പി)95000 | 10746048 | 6541476 | 4204572 | 0 |
| ജോയിന്റ് വെഞ്ച്വർ ജില്ല പഞ്ചായത്ത് | 5400000 | 3695000 | 9095000 | 7009289 | 2085711 | 0 |

1160132/-രൂപയുടെ ചെലവ് ജി ഒ പ്രോജക്റ്റ് ആണ് [വികസന ഫണ്ട് (ജനറൽ)]

191176/-രൂപയുടെ ചെലവ് ജി ഒ പ്രോജക്റ്റ് ആണ് [വികസന ഫണ്ട് (എസ്.സി.പി)]
14706/-രൂപയുടെ ചെലവ് ജി ഒ പ്രോജക്റ്റ് ആണ് [വികസനഫണ്ട് (ടി.എസ്.പി)]

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 266 | 192696726 | 163 | 74615899 | 88 | 103 | 28% |

## 1-6 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 1839 | 867966 | 869805 | 868649 | 1156 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | | 22957773 | 22957773 | 22957773 | |
| ആകെ | 1839 | 23825739 | 23827578 | 23826422 | 1156 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 62640 | 38 |
| കർഷകതൊഴിലാളി പെൻഷൻ | 5160000 | 2636 |
| വിധവാപെൻഷൻ | 7068600 | 2936 |
| വാർദ്ധക്യകാലപെൻഷൻ | 13386300 | 6791 |

| | | |
|---|---|---|
| വികലാംഗപെൻഷൻ | 2351300 | 1176 |
| 50 വയസിന് മുകളിൽ പ്രായമായ അവിവാഹിതകൾക്കുള്ള ധനസഹായം | 339000 | 141 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 150000 | 5 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22/10/2021 ന് അക്കൌണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി, പരിശോധനയിൽ 135400/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 10.03.2020 | 01.02.20-29.02.20 | ലഭ്യമല്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 03.10.2017 മുതൽ 13.10.2017 വരെ | 2014-15, 2015-16, 2016-17 | 11.12.2017 |

## 1-10 ആഭ്യന്തര നിയന്ത്രണം

പദ്ധതികളുടെ നിർവ്വഹണം:

പഞ്ചായത്തിലെ പദ്ധതികളുടെ നിർവ്വഹണോദ്യോഗസ്ഥരെല്ലാം തന്നെ പദ്ധതിയുമായി ബന്ധപ്പെട്ട രേഖകൾ ഏറെക്കുറെ കൃത്യമായി സൂക്ഷിച്ച് ഓഡിറ്റിന് ലഭ്യമാക്കിയിട്ടുണ്ട്.

ഗ്രാമസഭ

ഗ്രാമസഭ മൂന്ന് തവണ ചേർന്നിട്ടുണ്ട്. കൂടുതൽ ചർച്ചകളോ, തദ്ദേശ മേഖലയിലെ വികസനത്തിന് ഉതകുന്ന നിർദ്ദേശങ്ങളോ ഗ്രാമസഭയിൽ ഉയർന്നു വന്നിട്ടില്ല. അവസാനത്തെ ഗ്രാമസഭ 2020-21 വാർഷിക പദ്ധതിയിലെ ഗുണഭോക്തൃ ലിസ്റ്റിന് അംഗീകാരം നൽകുന്നതിനാണ് ചേർന്നിട്ടുള്ളത്.

കമ്മിറ്റികൾ

ജനറൽ കമ്മിറ്റിയും സ്റ്റാൻഡിംഗ് കമ്മിറ്റികളും നിയമാനുസൃത ഇടവേളകളിൽ യോഗം ചേർന്ന് മിനിട്സ് രേഖപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്. ജനറൽ കമ്മിറ്റിയുടെ മിനിട്സ് കൃത്യമായി സകർമ്മ സോഫ്റ്റ്‌വെയറിൽ ചേർത്തു പോരുന്നുണ്ട്. പദ്ധതികൾ ശുപാർശ ചെയ്യുന്നതിലേയ്ക്ക് മാത്രമായി സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങൾ ഒതുങ്ങുന്നതായി കാണുന്നുണ്ട്. കേവലം ശുപാർശയിൽ കവിഞ്ഞ് പ്രോജക്ടുകളുടെ കൃത്യതയും ഫലപ്രാപ്തിയും ഉറപ്പ് വരുത്തി ഭരണസമിതി മുമ്പാകെ സമർപ്പിക്കുവാനും വർക്കിംഗ് ഗ്രൂപ്പുകൾ ഫലപ്രദമായി പ്രവർത്തിക്കുന്നതിനുള്ള ഇടപെടലുകൾ നടത്തുവാനും സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് കഴിയേണ്ടതുണ്ട്. ഇത്തരത്തിൽ യോഗങ്ങളുടെ കാര്യപരിപാടി രൂപപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

വർക്കിംഗ് ഗ്രൂപ്പുകൾ

ഏറ്റവും പുതുതായി രൂപീകരിച്ച ജൈവവൈവിധ്യമാനേജ്മെന്റ്, കാലാവസ്ഥ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്തനിവാരണം എന്നതുൾപ്പെടെ പഞ്ചായത്തിൽ 14 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. മിനിറ്റ്സ് ബുക്കുകളിൽ വിവരങ്ങൾ രേഖപ്പെടുത്തുന്നുണ്ട്. തൻവർഷം എല്ലാ വർക്കിംഗ് ഗ്രൂപ്പുകളും ഒരു പ്രാവശ്യമാണ് (14.01.2020) യോഗം ചേർന്നിട്ടുള്ളത്. പദ്ധതിരൂപീകരണസമയത്ത് വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശങ്ങൾ കൂടി കണക്കിലെടുത്ത് പദ്ധതികൾ രൂപീകരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

ഫ്രണ്ട് ഓഫീസ്

പഞ്ചായത്തിൽ നിന്ന് വിവിധ സേവനങ്ങൾ ആവശ്യപ്പെട്ട് വരുന്നവർക്ക് ആവശ്യമായ സൗകര്യങ്ങളോടു കൂടി ഫ്രണ്ട് ഓഫീസ് സൗകര്യം ഒരുക്കിയിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ ഫ്രണ്ട് ഓഫീസ് ഡയറി എന്നിവ വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിച്ചുപോരുന്നുണ്ട്.

## 1-11 വസ്തുനികുതി കളക്ഷൻ തുക - രസീതും സഞ്ചയ സ്റ്റേറ്റ്മെന്റും തമ്മിൽ വ്യത്യാസം - രസീതിൽ ഇനവിവരം രേഖപ്പെടുത്തിയില്ല.

വസ്തുനികുതി (മാനവൽ രസീത് ബുക്ക് പ്രകാരം) കളക്ഷന്റെ സഞ്ചയ പ്രകാരമുള്ള പോസ്റ്റിംഗ് പരിശോധിച്ചതിൽ, താഴെപ്പറയുന്ന അപാകത കാണുന്നു.

| ക്രമ നം. | തീയതി | രസീത് ബുക്ക് നം /രസീത് നം. | കളക്ട് ചെയ്ത തുക | സഞ്ചയയിൽ ചേർത്തിരിക്കുന്ന തുക | വ്യത്യാസം |
|---|---|---|---|---|---|
| 1 | 07.12.2019 | 61286/1 | 181 | 174 | 7 |
| 2 | ---”--- | 61286/2 | 473 | 429 | 44 |
| 3 | ---”--- | 61286/3 | 53 | 43 | 10 |
| 4 | ---”--- | 61286/4 | 247 | 239 | 8 |
| 5 | ---”--- | 61286/5 | 676 | 662 | 14 |

| | | | | | |
|---|---|---|---|---|---|
| 6 | ---"--- | 61286/6 | 482 | 470 | 12 |
| 7 | ---"--- | 61286/7 | 37 | 32 | 5 |
| 8 | ---"--- | 61286/8 | 1001 | 936 | 65 |
| ആകെ | | | 3150 | 2985 | 165 |

മേൽ രസീത് ബുക്കിൽ തുടർന്നുള്ള നമ്പറുകളിലും ഇപ്രകാരമുള്ള വ്യത്യാസം കാണുന്നുണ്ട്. ഏതാനും ഉദാഹരണങ്ങൾ മാത്രമാണ് മുകളിൽ ചേർത്തിരിക്കുന്നത്. ഇത് സംബന്ധിച്ച് പരിശോധിച്ച് മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.20) ലഭ്യമാക്കിയ മറുപടിയിൽ , ക്യാമ്പ് കളക്ഷനു പോയപ്പോൾ ഓരോ കെട്ടിടത്തിൻെറയും വസ്തുനികുതി , ലൈബ്രറി സെസ്സ്, പിഴപ്പലിശ എന്നിവ ഉൾപ്പെടെയുള്ള ആകെതുകയാണ് രസീതിൽ രേഖപ്പെടുത്തി നൽകിയത് എന്നും സഞ്ചയയിൽ എൻട്രി വരുത്തിയപ്പോഴും വസ്തുനികുതി , ലൈബ്രറി സെസ്സ്, പിഴപ്പലിശ നോട്ടീസ് ഫീ എന്നിവ ഉൾപ്പെടെ രേഖപ്പെടുത്തിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. വ്യത്യാസം വന്ന തുക പിഴപ്പലിശയാണെന്നും അറിയിക്കുകയും ആയത് പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുള്ളതുമാണ്.

നികുതി കളക്ഷൻ നടത്തുന്നതിലെ സുപ്രധാന രേഖയായ രസീതിൽ വസ്തുനികുതി , ലൈബ്രറി സെസ്സ്, പിഴപ്പലിശ, നോട്ടീസ് ഫീ എന്നിവ ബന്ധപ്പെട്ട വർഷം സഹിതം രേഖപ്പെടുത്തി വേണം നികുതി ദായകന് ലഭ്യമാക്കേണ്ടത്. ഗ്രാമപഞ്ചായത്തിലെ മറ്റുള്ള രസീത് ബുക്കുകളെല്ലാം തന്നെ ഇനവിവരം രേഖപ്പെടുത്തിയാണ് പരിപാലിച്ചിരിക്കുന്നത്. മേൽ രസീതുകളുടെ തുടർ പരിശോധനകളിലും ഈ ഇനവിവരങ്ങളുടെ കൃത്യത പരിശോധിക്കേണ്ടതിനാൽ രസീത് രേഖപ്പെടുത്തലുകളിൽ മേൽപ്പറഞ്ഞവ നിർബന്ധമായും ഉൾപ്പെടുത്തേണ്ടതാണ്.

## 1-12 ആസ്തിസംരക്ഷണത്തിലെ പിഴവ്-അപകടമരണത്തിന് നഷ്ടപരിഹാരം നൽകേണ്ടി വന്നു.

02.03.2020 ലെ വൌച്ചർ നമ്പർ 21901170, 21901171 എന്നിവ പ്രകാരം OS No.109/2014, OS No.111/2014 എന്നീ കേസുകളിൽ പഞ്ചായത്ത് യഥാക്രമം 249166/- രൂപയും 419850/- രൂപയും ചേർത്ത് ആകെ 669016/- രൂപ നഷ്ടപരിഹാരം നൽകേണ്ടി വന്നു. പഞ്ചായത്തിലെ വീട്ടൂർ-അരീക്ക തോടിന് കുറുകെയുള്ള പാലം തകർന്ന് വീണ് ഉണ്ടായ അപകടത്തെ തുടർന്ന് മരണപ്പെട്ട ആളിന്റെ അവകാശികൾക്കും പരിക്ക് പറ്റിയ വ്യക്തികൾക്കും നഷ്ടപരിഹാരം ആവശ്യപ്പെട്ടുകൊണ്ട് പഞ്ചായത്തിനെതിരെ നൽകിയ ഹർജി ബഹു.പെരുമ്പാവൂർ മുൻസിഫ് കോടതി അനുവദിക്കുകയും ഇതിനെതിരെ പെരുമ്പാവൂർ സബ്കോടതിയിൽ പഞ്ചായത്ത് നൽകിയ അപ്പീൽ ഹർജി തള്ളുകയും ചെയ്തതിനാലാണ് 669016/-രൂപ നഷ്ടപരിഹാരം നൽകേണ്ടി വന്നത്.

കേസിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

28.02.2013 ൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വീട്ടൂർ-അരീക്കൽ പാലം രാവിലെ 7 മണിക്ക് ഒരു വിവാഹാവശ്യത്തിനായി ആളുകൾ സഞ്ചരിക്കവെ തകർന്ന് വീഴുകയും ഒരാൾ മരണപ്പെടുകയും മറ്റ് ചിലർക്ക് പരിക്ക് ഏൽക്കുകയും ചെയ്തിരുന്നു. നഷ്ടപരിഹാരം ആവശ്യപ്പെട്ട് മരണപ്പെട്ടയാളിന്റെ അനന്തരാവകാശികളും പരിക്കേറ്റവരും കോടതിയിൽ കേസ് ഫയൽ ചെയ്തപ്പോൾ പാലം പഞ്ചായത്ത് പണിതതല്ലെന്നും അൻപത് വർഷത്തോളം പഴക്കമുള്ള തകർന്ന പാലം പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ലെന്നും പഞ്ചായത്ത് വാദിച്ചെങ്കിലും പാലത്തിന്റെ ഉടമസ്ഥത പഞ്ചായത്തിനാണെന്നും ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടില്ലെങ്കിൽ അത് പഞ്ചായത്തിന്റെ കാര്യക്ഷമത ഇല്ലായ്മയാണെന്നും കോടതി നിരീക്ഷിച്ചു. 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 169ാം വകുപ്പ് ( സി ) പ്രകാരം പാലം പഞ്ചായത്തിന്റെ ആസ്തിയാണെന്നും വകുപ്പ് 170 പ്രകാരം ശരിയായ രീതിയിൽ സംരക്ഷിക്കേണ്ട ബാദ്ധ്യത പഞ്ചായത്തിന് ഉണ്ടായിരുന്നെന്നും കോടതി ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. അപകടത്തിന് ശേഷം പാലം പഞ്ചായത്ത് പുതുക്കി പണിതിട്ടുണ്ടെന്ന വസ്തുതയും കോടതി കണക്കിലെടുത്തു. യാത്രക്കാർക്ക് സുരക്ഷിതമായി നടക്കാൻ വേണ്ട തരത്തിൽ പാലം സംരക്ഷിക്കുന്നതിൽ പഞ്ചായത്ത് പരാജയപ്പെട്ടെന്നും അതിനാൽ അപകടത്തിൽ നഷ്ടം സംഭവിച്ചവർക്ക് നഷ്ടപരിഹാരം നൽകേണ്ട ഉത്തരവാദിത്തം പഞ്ചായത്തിനുണ്ടെന്നും വിധിച്ച കോടതി ആകെ 669016/-രൂപ നഷ്ടപരിഹാരം നൽകാൻ നിർദ്ദേശിച്ചു.

ആസ്തിസംരക്ഷണം പഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണെന്നിരിക്കെ അത് ശരിയായി നിറവേറ്റേണ്ടത് പഞ്ചായത്തിന്റെ ഉത്തരവാദിത്തമാണ്. ഇതിലെ പിഴവ് മൂലം ഒരാൾക്ക് ജീവൻ നഷ്ടപ്പെടുകയും പല ആളുകൾക്കും പരിക്കേൽക്കുകയും ചെയ്തുവെന്നത് ഗൌരവമായി കാണേണ്ടതുണ്ട്. ഭാവിയിൽ ഇക്കാര്യത്തിൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-13 'പെൻസിൽ' ക്യാമ്പ് - ചെലവ് തുക 'കില'യിൽ നിന്നും ലഭ്യമായില്ല

ആരോഗ്യ രക്ഷയ്ക്ക് മാലിന്യമുക്ത പരിസരം എന്ന വിഷയത്തിൽ ഹരിതകേരളം മിഷൻ കുട്ടികൾക്കുവേണ്ടി 'പെൻസിൽ' എന്ന പേരിൽ ഒരുക്കിയ അവധിക്കാല പഞ്ചായത്തുതല മെന്റേഴ്സ് ക്യാമ്പ് നടത്തിപ്പിനായി ചെലവഴിച്ച തുക വൌച്ചർ നം.21900198 തീയതി 15.06.2019 പ്രകാരം ശ്രീമതി മിനി ജോയി, മറ്റത്തിൽ- സി ഡി എസ് ചെയർപേഴ്സണ് പഞ്ചായത്തിൽ നിന്നും അനുവദിച്ചുനൽകിയിട്ടുണ്ട് (ചെക്ക് നം. 38827/15.06.2019, 6560/-രൂപ).കൂടാതെ വൌച്ചർ നം.21900158 തീയതി 30.05.2018 പ്രകാരം സ്റ്റേഷനറി വാങ്ങിയതിന് 1480/- രൂപയും ഉൾപ്പെടെ ആകെ 8040/- രൂപ ഈയിനത്തിൽ ചെലവഴിച്ചിട്ടുണ്ട്. കില ഡയറക്ടറുടെ 02.05.2019ലെ കില/2019/101/2719/എച്ച്.ക്യൂ. നമ്പർ കത്തിൽ വാർഡുതല ക്യാമ്പിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് (ഒരു വാർഡിൽ നിന്ന് 5 പേർ) ഭക്ഷണം, പരിശീലന സാമഗ്രികൾ എന്നിവയ്ക്ക് 100/-രൂപ വീതം കില നൽകും. ക്യാമ്പ് പൂർത്തിയാകുന്ന മുറയ്ക്ക് ഒറിജിനൽ ബിൽ, വൌച്ചർ, ഹാജർ ലിസ്റ്റ് എന്നിവ ഹാജരാക്കി ചെലവായ തുക കിലയിൽ നിന്ന് റീഇംബേഴ്സ് ചെയ്യാം. ഈ നിർദ്ദേശം പാലിച്ച് ചെലവുതുക പഞ്ചായത്ത് റീഇംബേഴ്സ് ചെയ്ത് വാങ്ങിയിട്ടുണ്ടോയെന്ന് അറിയിക്കാനാവശ്യപ്പെട്ട് നൽകിയ 25.10.2021ലെ 6ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് തുക ലഭ്യമായിട്ടില്ലെന്നാണ് പഞ്ചായത്ത് മറുപടി നൽകിയത്. തുക ലഭ്യമാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-14 പ്രൈവറ്റ് ഹോസ്പിറ്റൽ / പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂഷൻസ് ജീവനക്കാർ, കോൺട്രാക്ടർമാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല

I . ഗ്രാമപഞ്ചായത്തിൻറെ 2019-20 ലെ പ്രൈവറ്റ് ഹോസ്പിറ്റൽ / പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂഷൻസ് രജിസ്ട്രേഷൻ രജിസ്റ്റർ പ്രകാരം താഴെപറയുന്ന സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷൻ നൽകിയതായി കാണുന്നു. എന്നാൽ 2019-20 ലെ

തൊഴിൽ നികുതി രേഖകൾ പ്രകാരം ഈ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

2019-20

| ക്രമ നം. | സ്ഥാപനത്തിൻെറ പേര് | രജിസ്ട്രേഷൻ നം. | |
|---|---|---|---|
| 1 | സ്മാർട്ട് മെഡി പ്ലസ് ഡയഗ്നോസ്റ്റിക് സെൻറർ | 01/2019-20 | ഷിബു ജോസ് |
| 2 | മാത്യൂസ് ഡെൻറൽ കെയർ | 02/2019-20 | മാത്യു റോയ്.കെ. |
| 3 | ഹേബ മരിയ, ഫിസിയോ തെറാപ്പി ക്ലിനിക് | 03/2019-20 | ബിജില |
| 4 | ഡോ. ഏലിയാസ് ബേബി | 04/2019-20 | ഡോ. ഏലിയാസ് ബേബി |
| 5 | മംഗലത്ത് മൾട്ടി സ്പെഷ്യാലിറ്റി ഡെൻറൽ ക്ലിനിക് | 05/2019-20 | ഡോ. ബിനി കെ. ഐസക് |
| 6 | തൈറോകെയർ, ഒലിവ് ഡയഗ്നോസ്റ്റിക് സെൻറർ | 06/2019-20 | നൈജിൽ ജോസഫ് |
| 7 | സിജി കുര്യാക്കോസ് | 07/2019-20 | സിജി കുര്യാക്കോസ് |
| 8 | ഫെയ്ത്ത് ഡയഗ്നോസ്റ്റിക് സെൻറർ | 08/2019-20 | സിജി കുര്യാക്കോസ് |
| 9 | ലക്ഷ്മി ആയുർവേദ ഹോസ്പിറ്റൽ | 09/2019-20 | ഡോ. അനൂപ് എം.എസ്. |
| 10 | എ.വി.എം.ആയുർവേദ ഹോസ്പിറ്റൽ | 10/2019-20 | ഡോ. ജോർജ്ജ് പോൾ |
| 11 | വാലയിൽ മൾട്ടി സ്പെഷ്യാലിറ്റി ക്ലിനിക് | 11/2019-20 | ഏലിയ ബി. പൊക്കത്ത് |
| 12 | ദേവി കമ്പ്യൂട്ടർ ലബോറട്ടറി | 12/2019-20 | അഞ്ജലി സന്ദീപ് |
| 13 | മരിയ ഡയഗ്നോസ്റ്റിക് സെൻറർ | 13/2019-20 | ആലീസ് കുര്യൻ |
| 14 | ഡയഗ്നോസ്റ്റിക് സെൻറർ പട്ടത്ത് | 14/2019-20 | ബീന അനി |
| 15 | പാറത്തു വയലിൽ ആയുർവേദക്ലിനിക് | 15/2019-20 | അനിൽ പി. വർക്കി |

(A) 2019-20, ലെ വാർഡ് തല ട്രേഡേഴ്സ് ലിസ്റ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയതിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചുവരുന്ന മേൽ സ്ഥാപനങ്ങൾ, റീറ്റെയ്ൽ റേഷൻ ഡിപ്പോകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല. ഇവരിൽ നിന്നും ചട്ടപ്രകാരം നോട്ടീസ് നൽകി തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിൻെറ വിവരങ്ങൾ ഓഡിറ്റിനായി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി നം. 19 നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ മേൽ സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. നടപടി പൂർത്തീകരിച്ച് നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. വാർഡ്തലത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുമ്പോൾ സ്ഥാപനങ്ങൾ ഒഴിവാക്കപ്പെടുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതാണ്..

(B) പ്രൈവറ്റ് ഹോസ്പിറ്റൽ / പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂഷൻസ് രജിസ്ട്രേഷൻ രജിസ്റ്ററിൽ ബന്ധപ്പെട്ട കോളത്തിൽ സ്ഥാപനത്തിലെ ഡോക്ടർമാരുടെ എണ്ണം , ജീവനക്കാരുടെ എണ്ണം എന്നിവ രേഖപ്പെടുത്തിയിട്ടില്ല. ഈ അപാകതയും പരിഹരിക്കേണ്ടതാണ്.

II. ഗ്രാമ പഞ്ചായത്തിന്റെ 2019-20 ലെ എഗ്രിമെന്റ് രജിസ്ററർ പ്രകാരം താഴെ പറയുന്ന കോൺട്രാക്ടർമാർ കരാർ പ്രകാരം ജോലികൾ ഏറ്റെടുത്ത് നടപ്പാക്കിയിരുന്നതായി കാണുന്നു.

| ക്രമ നം. | കോൺട്രാക്ടറുടെ പേര് | ക്രമ നം. | കോൺട്രാക്ടറുടെ പേര് |
|---|---|---|---|
| 1 | കെ. ജി. രാജേഷ് | 14 | ബിനോ പി. ജോർജ്ജ് |
| 2 | എം. കെ. പൗലോസ് | 15 | എം. വി. ബിനോയ് |
| 3 | കെ. പി. ജോർജ്ജ് | 16 | ഇ.പി. സുനിൽകുമാർ |
| 4 | മാത്യു വർഗ്ഗീസ് | 17 | നാസർ അഹമ്മദ് |
| 5 | എൽദോ പോൾ | 18 | സി.ആർ. വിജയൻ നായർ |
| 6 | എം. വി. ദിലീപ് കുമാർ | 19 | എം. എസ്. ശ്രീനിവാസ് |
| 7 | ജോബി ജോസഫ് | 20 | വി. എം. ബോസ് |
| 8 | ആർ.സാബു | 21 | അനുമോൻ ഐസക് |
| 9 | ഡിനു കെ. ചന്ദ്രൻ | 22 | കെ. എ. യൂസഫ് |
| 10 | എം. എം. പ്രകാശ് | 23 | ഇ.പി. സുനിൽകുമാർ |
| 11 | എൽദോ ഏലിയാസ് | 24 | ബേസിൽ അബ്രഹാം |
| 12 | ബിജു കെ. സ്ലീബ | 25 | എം.സി. കുര്യാക്കോസ് |
| 13 | കെ. വി. മാത്യു | 26 | ടി.പി.വിനോദ്കുമാർ |

(A) എഗ്രിമെന്റ് രജിസ്ററിൽ കോൺട്രാക്ട് ഒപ്പിട്ട തീയതി മുതൽ ജോലി പൂർത്തീകരിച്ച തീയതിവരെ കണക്കാക്കുമ്പോൾ മേൽ കോൺട്രാക്ടർമാർ 60 ദിവസത്തിലധികം ജോലി ചെയ്തിരുന്നു എന്ന് വ്യക്തമാണ്. കൂടാതെ ഒന്നിലധികം ജോലികൾ ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുള്ളവരും ഉണ്ട് . ആയതിനാൽ ഇവരിൽ നിന്നും ചട്ടപ്രകാരം നോട്ടീസ് നൽകി തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിൻെറ വിവരങ്ങൾ ഓഡിറ്റിനായി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ 19/27.10.2021 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് കോൺട്രാക്ടർമാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. നടപടി എത്രയും വേഗം പൂർത്തീകരിച്ച് നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-15 ബഡ്സ് സ്കൂൾ പദ്ധതി- വികസന ഫണ്ടിൽ നിന്നും വേതനം അനുവദിച്ചു

| | |
|---|---|
| പ്രോജക്ട് നമ്പർ | 112/20 |
| പ്രോജക്ടിന്റെ പേര് | ബഡ്സ് സ്കൂൾ പ്രത്യേക പദ്ധതി |
| നിർവ്വഹണം | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| അടങ്കൽ | 600000- വികസന ഫണ്ട്<br>250000-തനത് ഫണ്ട് |
| ചെലവ് | 502219-വികസന ഫണ്ട്<br>161870-തനത് ഫണ്ട്<br>-----------<br>664089 – ആകെ |
| ബിൽ നം / തീയതി<br>ചെക്ക് നം / തീയതി | 1)3/19-20,19/7/19 -159673/-<br>2)7/19-20, 26/8/19 -55912/-<br>3)10/19-20, 18/9/19 -55467/-<br>4)14/19-20,22/10/19-58443/-<br>5)17/19-20,18/11/19-56119/-<br>6)47300/- : തനത് ഫണ്ട്(ചെക്ക്.നം-:28968-28971/10.12.19)<br>7)21/19-20, 16/1/20-55467/-<br>8) 24/19-20, 5/2/20-61138/-<br>9)61963/- തനത്ഫണ്ട് (ചെക്ക് നം.28972-28976/11.03.20)<br>10)48317/- : -തനത് ഫണ്ട്(ചെക്ക് നം.28977-28981/31.03.20)<br>11)4290/- : -തനത് ഫണ്ട്(ചെക്ക് നം.28982/31.03.20) |

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവഹണം ചെയ്ത മേൽ പ്രോജക്ട് പ്രകാരം ബഡ്സ് സ്കൂൾ അധ്യാപകർക്കും ഹെൽപ്പർമാർക്കും ഹോണറേറിയവും ദിവസവേതനാടിസ്ഥാനത്തിൽ നിയമിതനായ ബഡ്സ് വാഹനത്തിന്റെ ഡ്രൈവർ രതീഷ് കുമാർ.കെ.ആർ ന് വേതനവും അനുവദിച്ച് നൽകിയിട്ടുണ്ട്. ഡ്രൈവറുടെ വേതനമിനത്തിൽ പ്രോജക്ടിൽ നിന്നും ആകെ 144990/- രൂപ തൻവർഷം നൽകിയിട്ടുണ്ട്. ഫണ്ട് തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം-ബിൽ.നം | അനുവദിച്ച തുക |
|---|---|
| വികസന ഫണ്ട്-3/19-20 | 28000 |
| വികസന ഫണ്ട്-7/19-20 | 12600 |
| വികസന ഫണ്ട്-10/19-20 | 12155 |
| വികസന ഫണ്ട്-14/19-20 | 12155 |
| വികസന ഫണ്ട്-17/19-20 | 13585 |
| തനത് ഫണ്ട് | 14300 |
| വികസന ഫണ്ട്-21/19-20 | 12155 |
| വികസന ഫണ്ട്-24/19-20 | 16445 |
| തനത് ഫണ്ട് | 14300 |
| തനത് ഫണ്ട് | 9295 |
| ആകെ | 144990 |

മേൽവിശദീകരിച്ച പ്രകാരം വികസനഫണ്ടിൽ നിന്നും 107095/- രൂപയും തനത് ഫണ്ടിൽ നിന്നും 37895/- രൂപയും ഡ്രൈവർക്ക് വേതനം നൽകുന്നതിലേയ്ക്കായി ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ടിൽ തുക വകയിരുത്തി ശമ്പളം, ഹോണറേറിയം മുതലായവ നൽകുവാൻ പാടില്ലായെന്ന് സർക്കാർ ഉത്തരവ് (കൈ)നമ്പർ 22/2018/തദ്ദേശ സ്വയം ഭരണ വകുപ്പ് /14.02.18 സബ്സിഡി മാർഗരേഖയിൽ (ഖണ്ഡിക-8.10) നിഷ്കർഷിക്കുന്നുണ്ട്. ആയതിന് വിരുദ്ധമായി വേതനമിനത്തിൽ തുക ചെലവഴിച്ചതിന് വിശദീകരണമാവശ്യപ്പെട്ടുള്ള എൻക്വയറിക്ക് (നം-5/24.10.21) മറുപടിയായി ഡ്രൈവർക്ക് വേതനം അനുവദിക്കണമെന്നത് സംബന്ധിച്ച് കമ്മിറ്റി തീരുമാനം ഉള്ളതാണെന്നും സർക്കാർ മാർഗനിർദ്ദേശത്തെ കുറിച്ച് അറിയില്ലായിരുന്നുവെന്നും മേലിൽ ശ്രദ്ധിച്ച് കൊള്ളാമെന്നും നിർവഹണോദ്യോഗസ്ഥ വ്യക്തമാക്കി. ഭാവിയിൽ ഇത്തരം അപാകതകളുണ്ടാകാതെ സർക്കാർ ഉത്തരവിനനുസൃതമായി മാത്രം പ്രോജക്ട് നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണെന്നറിയിക്കുന്നു.

## 1-16 ആസ്തി സംരക്ഷണം

പഞ്ചായത്തിലെ ആസ്തി സംരക്ഷണം സംബന്ധിച്ച് പരിശോധന നടത്തിയതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 20.01.2017 ലെ ജി.ഒ.(ആർ.ടി.)166/2017 നമ്പരായി പ്രസിദ്ധീകരിച്ച തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കുള്ള അസറ്റ് മാനേജ്മെന്റ് മാനവൽ പ്രകാരം പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായി ഒരു അസ്സറ്റ് മാനേജ് മെന്റ് & മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതും, ആസ്തികളുടെ വാർഷിക വിലയിരുത്തൽ നടത്തി (Annual Status Assessment Of Asset Condition) അതിന്റെ അടിസ്ഥാനത്തിൽ അസറ്റ് മാനേജ്മെന്റ് സ്ട്രാറ്റജിയും(AMS), അസറ്റ് മാനേജ് മെന്റ് പ്ലാനും (AMP) തയ്യാറാക്കേണ്ടതാണ്. കൂടാതെ ആസ്തികളുടെ അർദ്ധ വാർഷിക റിവ്യൂ, വാർഷിക റിവ്യൂ എന്നിവയും നടത്തേണ്ടതാണ്. മേൽപ്പറഞ്ഞിട്ടുള്ള കാര്യങ്ങളൊന്നും പഞ്ചായത്തിൽ നടപ്പാക്കിയിട്ടില്ല.

2. പഞ്ചായത്തിൽ തയ്യാറാക്കി സൂക്ഷിക്കുന്ന ഡിജിറ്റൽ ആസ്തി രജിസ്റ്റർ പരിശോധിച്ചതിൽ, നിർമ്മാണ ചെലവ്, അവസാന മെയിന്റനൻസ് വിവരങ്ങൾ, കൂട്ടിച്ചേർക്കലുകൾ നടത്തിയതിന്റെ തീയതിയും ചെലവും തുടങ്ങി പ്രധാനപ്പെട്ട പല കോളങ്ങളിലും രേഖപ്പെടുത്തലുകൾ നടത്തിയിട്ടില്ലാത്തതായി കാണുന്നു.

3. ആസ്തി രജിസ്റ്റർ നിലവിലെ വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല.

മേൽക്കാണിച്ചിട്ടുള്ള അപാകതകൾ ചൂണ്ടിക്കാട്ടി നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ-2/01.03.2021) ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നറിയിച്ചു. ആസ്തികളുടെ കൃത്യമായ അക്കൗണ്ടിംഗും റിപ്പോർട്ടിംഗും പരിപാലനവും ഉറപ്പുവരുത്തുന്നതിനായി അസ്സറ്റ് മാനേജ് മെന്റ് & മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ച് അസറ്റ് മാനേജ്മെന്റ് മാനുവലിൽപ്പറഞ്ഞിരിക്കുന്ന പ്രകാരം നടപടികൾ സ്വീകരിക്കേണ്ടതും, ആസ്തി രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ ചേർത്ത് കാലികമാക്കേണ്ടതുമാണ്.

## 1-17 കാലിത്തീറ്റ വിതരണപദ്ധതി-കൈകാര്യചെലവ് ലഭിച്ചില്ല

| പദ്ധതിയുടെ പേരും നമ്പരും | വകയിരുത്തിയ തുക | ചെലവ് (ബിൽനം/തീയതി) |
|---|---|---|
| കറവപ്പശുക്കൾക്ക് കാലിത്തീറ്റ -93/20 | ₹ 23,42,400/-<br>(വികസന ഫണ്ട്-944925/-<br>തനത് ഫണ്ട്-15075/-<br>ഗുണഭോക്തൃവിഹിതം-1382400/-) | ₹ 21,46,320/-<br>(വികസനഫണ്ട്-864000<br>1)200000,03/19-20, 26/12/2019<br>2)240000,06/19-20, 17.01.2020<br>3)232000,09/19-20, 16.01.2020<br>4)192000,16/19-20, 26.02.2020<br>ഗുണഭോക്തൃവിഹിതം-1282320<br>1)288000-NEFT<br>2)345600-NEFT<br>3)354960-NEFT<br>4)293760-NEFT |

പ്രോജക്ട് പ്രകാരം കേരള ഫീഡ്സ്, കല്ലേറ്റുംകര, തൃശ്ശൂർ എന്ന സർക്കാർ അംഗീകൃത സ്ഥാപനത്തിൽ നിന്നും 50 കിലോ വരുന്ന 1308 ചാക്ക് മിട്ടുക്കി കാലിത്തീറ്റ വാങ്ങി ക്ഷീര കർഷകർക്ക് നൽകിയിട്ടുണ്ട്. കേരള ഫീഡ്സുമായി ഗ്രാമപഞ്ചായത്ത് ചമച്ച കരാറിലെ ക്രമ നം. 9 ഖണ്ഡിക പ്രകാരം കാലിത്തീറ്റ ചാക്കുകൾ കൈകാര്യം ചെയ്യുതിനുള്ള ചെലവായി ഓരോ ചാക്കിനും 30/-രൂപ വീതം വെറ്ററിനറി സർജന് നൽകുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇപ്രകാരം കൈകാര്യ ചെലവിനത്തിൽ കേരള ഫീഡ്സിൽ നിന്നും തുക ലഭ്യമായിട്ടുണ്ടോയെന്നറിയിക്കുവാനാവശ്യപ്പെട്ടുള്ള എൻക്വയറിക്ക് (നം-4/24.10.21) ബന്ധപ്പെട്ട ആപ്കോസിൽ നിന്നും റിക്വസ്റ്റ് സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ആയത് ലഭിച്ചാലുടൻ കേരള ഫീഡ്സിന് കൈമാറുന്നതാണെന്നും മറുപടി നൽകി. കൈകാര്യ ചെലവിനത്തിൽ പഞ്ചായത്തിനർഹമായ തുക (30 X 1308 = ₹39240/-) കേരള ഫീഡ്സിൽ നിന്നും ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരമറിയിക്കേണ്ടതാണ്.

## 1-18 ബാലസഭ ക്യാമ്പ് - രേഖകൾ ഹാജരാക്കേണ്ടതാണ്

| | |
|---|---|
| പ്രോജക്ട് നം. & പേര് | 184/20(SO)<br>ബാലസൌഹൃദ പഞ്ചായത്ത്- ബാലസഭ ശക്തിപ്പെടുത്തൽ, ക്യാമ്പ് സംഘടിപ്പിക്കൽ |
| അടങ്കൽ | ₹40000 |
| ചെലവ് | ₹35000<br>3/19-20, 27/07/19 |
| നിർവ്വഹണം | ഹെഡ് മാസ്റ്റർ, ഗവ.യു.പി.എസ് കുന്നക്കുരുടി |

പഞ്ചായത്തിലെ 5, 6, 12, 14, 17, 18, 19 എന്നീ ഏഴ് വാർഡുകളിൽ ബാലസഭ ക്യാമ്പ് സംഘടിപ്പിച്ചതിന് വാർഡൊന്നിന് 5000/- രൂപ നിരക്കിൽ (ഭക്ഷണചെലവ്) ആകെ 35000/- രൂപ വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. വാർഡ് മെമ്പർമാരുടെ അപേക്ഷകളുടെ അടിസ്ഥാനത്തിലാണ് തുക അനുവദിച്ചിട്ടുള്ളത്. അപേക്ഷ പ്രകാരമുള്ള വിവരങ്ങൾ താഴെപ്പറയുന്നു.

| വാർഡ് നം | മെമ്പറുടെ പേര് | അപേക്ഷപ്രകാരമുള്ള വിവരങ്ങൾ |
|---|---|---|
| 5 | ഷൈനി കുര്യാക്കോസ് | 22/12/18തീയതിയിൽ ക്യാമ്പ് നടത്തിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സ്ഥലം , പങ്കെടുത്തവരുടെ എണ്ണം എന്നീ വിവരങ്ങൾ സൂചിപ്പിച്ചിട്ടില്ല. ഹാജരാക്കിയ ഭക്ഷണബിൽ പ്രകാരം 50 പേർ പങ്കെടുത്തിട്ടുണ്ടെന്ന് കാണുന്നു. |
| 6 | അമ്മുക്കുട്ടി സുദർശനൻ | 29/12/18തീയതിയിൽ ബാലഭവനിൽ വച്ച് ക്യാമ്പ് നടത്തിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. മറ്റ് വിവരങ്ങൾ ലഭ്യമല്ല |

| | | |
|---|---|---|
| 12 | ലതീഷ് കെ അയ്യപ്പൻ | 27/12/18തീയതിയിൽ ചമ്പിലിപ്പടി അംഗൻവാടിയിൽ ക്യാമ്പ് നടത്തിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. മറ്റ് വിവരങ്ങൾ ലഭ്യമല്ല |
| 14 | ബെന്നി മാത്യു | 22/12/18തീയതിയിൽ MTLPS ൽ ക്യാമ്പ് നടത്തിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. പങ്കെടുത്തവരുടെ എണ്ണം സൂചിപ്പിച്ചിട്ടില്ല.ഹാജരാക്കിയ ഭക്ഷണബിൽ പ്രകാരം 60 പേർ പങ്കെടുത്തിട്ടുണ്ടെന്ന് കാണുന്നു. |
| 17 | അമ്മുക്കുട്ടി സുദർശനൻ | 27/12/18തീയതിയിൽ ക്യാമ്പ് നടത്തിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സ്ഥലം , പങ്കെടുത്തവരുടെ എണ്ണം എന്നീ വിവരങ്ങൾ സൂചിപ്പിച്ചിട്ടില്ല. ഹാജരാക്കിയ ഭക്ഷണബിൽ പ്രകാരം 60 പേർ പങ്കെടുത്തിട്ടുണ്ടെന്ന് കാണുന്നു. |
| 18 | അരുൺ വാസു | 28/12/18തീയതിയിൽ ക്യാമ്പ് നടത്തിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സ്ഥലം , പങ്കെടുത്തവരുടെ എണ്ണം എന്നീ വിവരങ്ങൾ സൂചിപ്പിച്ചിട്ടില്ല. ഹാജരാക്കിയ ഭക്ഷണബിൽ പ്രകാരം 60 പേർ പങ്കെടുത്തിട്ടുണ്ടെന്ന് കാണുന്നു. |
| 19 | ബേസിൽ കെ ജോർജ് | ഐരാപുരം എസ്.സി കമ്മ്യൂണിറ്റി ഹാളിൽ ക്യാമ്പ് നടത്തിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ തീയതി, പങ്കെടുത്തവരുടെ എണ്ണം എന്നീ വിവരങ്ങൾ സൂചിപ്പിച്ചിട്ടില്ല. ഹാജരാക്കിയ ഭക്ഷണബിൽ പ്രകാരം 45 പേർ പങ്കെടുത്തിട്ടുണ്ടെന്ന് കാണുന്നു. |

ഭക്ഷണത്തിന്റെ ബിൽ മാത്രമാണ് പ്രോജക്ട് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. ക്യാമ്പിൽ പങ്കെടുത്ത കുട്ടികളുടെ ഹാജർ വിവരങ്ങളും ബന്ധപ്പെട്ട വാർഡുകളിലെ ബാലസഭ മിനിറ്റ്സ് ബുക്കുകളും പരിശോധനയ്ക്ക് ലഭ്യമായില്ല (എൻക്വയറി നം-1/22.10.21) പ്രോജക്ട് ലക്ഷ്യം കൈവരിച്ചെന്നുറപ്പാക്കുന്നതിലേയ്ക്ക് മേൽ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-19 വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല.

നിക്ഷേപ പ്രവൃത്തിക്കായി വാട്ടർ അതോറിട്ടിക്ക് 2019-20 വർഷം താഴെപ്പറയും പ്രകാരം തുക കൈമാറിയിട്ടുണ്ട്. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല.

| നിർവ്വഹണോദ്യോഗസ്ഥൻ | പ്രോജക്ട് നം. പേര് | നൽകിയ തുക | ചെക്ക് നമ്പർ/ തീയതി |
|---|---|---|---|
| സെക്രട്ടറി | S173/20 സ്ട്രീറ്റ് ടാപ്പുകൾ കട്ട് ചെയ്യുന്നതിന് വാട്ടർ അതോറിട്ടിയിൽ തുക നിക്ഷേപിക്കൽ | 2,95,000/- | 3158006/ 04.10.19 |

പഞ്ചായത്തിലെ 250 ടാപ്പുകൾ കട്ട് ചെയ്യുന്നതിന് വാട്ടർ അതോറിട്ടി നൽകിയ എസ്റ്റിമേറ്റ് പ്രകാരം 2,95,000/- രൂപ അടവാക്കിയെങ്കിലും പ്രവൃത്തി പൂർത്തീകരിച്ചതിന്റെ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. ടാപ്പുകൾ കട്ട് ചെയ്ത് പ്രവൃത്തിയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാകുന്നത് വരെ ഈയിനത്തിലെ 2,95,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-20 ഭവന പുനരുദ്ധാരണം-പ്രവൃത്തി പൂർത്തീകരിച്ചില്ല

| | |
|---|---|
| പ്രോജക്ട്.നം പേര് | 56/20<br>ഭവനപുനരുദ്ധാരണം |
| അടങ്കൽ | 300000/-<br>162794-ടി.എസ്.പി<br>137206-തനത്ഫണ്ട് |
| ചെലവ് | 100000- ടി.എസ്.പി |
| ബിൽ നം. തീയതി | 10/19-20, 11.02.20 |

വി.ഇ.ഒ ഐരാപുരം നിർവഹണം ചെയ്ത മേൽ പ്രോജക്ട് മുഖേന എസ്.റ്റി വിഭാഗത്തിൽ പെട്ട രണ്ട് ഗുണഭോക്താക്കൾക്ക് ഭവന പുനരുദ്ധാരണത്തിനായി തൻവർഷം 50000/- രൂപ വീതം ധനസഹായം അനുവദിച്ചിട്ടുണ്ട്. ഗുണഭോക്താക്കളുടെ പേര് വിവരങ്ങൾ താഴെപ്പറയുന്നു.

1)ഗീത സി.എ, പാറത്തോട്ടയിൽ , ഐരാപുരം

2)സന്ധ്യ ശിവൻ,മണ്ണുമോളത്ത്, ഐരാപുരം

ഇവരിൽ ഗീത സി.എ എന്ന ഗുണഭോക്താവ് പുനരുദ്ധാരണ പ്രവൃത്തി പൂർത്തീകരിച്ചു. എന്നാൽ സന്ധ്യ ശിവൻ എന്ന ഗുണഭോക്താവിന്റെ ഫയൽ പരിശോധിച്ചതിൽ പ്രവൃത്തി ചെയ്ത് വാല്യുവേഷൻ നടത്തിയതിന്റെ രേഖകൾ ലഭ്യമായില്ല. വിശദീകരണമാവശ്യപ്പെട്ട് എൻക്വയറി (നം-22/29.10.21 ) നൽകിയതിന് അഡ്വാൻസ് തുക കൈപ്പറ്റിയെങ്കിലും ടിയാരി പണി പൂർത്തീകരിച്ചിട്ടില്ലെന്നും കാരണങ്ങൾ കാണിച്ച് നോട്ടീസ് നൽകിയിട്ടുണ്ടെന്നും ടി പ്രോജക്ട് 2021-22 വർഷത്തിൽ സ്പിൽ ഓവറായി നടപ്പാക്കുവാൻ (നം-95) അംഗീകാരം ലഭിച്ചിട്ടുണ്ടെന്നും അറിയിച്ചു. പ്രസ്തുത ഗുണഭോക്താവിന്റെ ഭവനപുനരുദ്ധാരണ പ്രവൃത്തി പൂർത്തീകരിക്കുന്ന മുറയ്ക്ക് ആയത് റിപ്പോർട്ട് ചെയ്യേണ്ടതും വാല്യുവേഷൻ സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 1-21 കുടിവെള്ളവിതരണം-വാഹനത്തിന്റെ ജി പി എസ് ട്രാക്ക്റെക്കോർഡ് ലഭ്യമാക്കിയില്ല

| | |
|---|---|
| പ്രോജക്ട് നം/ പേര് | S270/20, കുടിവെള്ള വിതരണം |
| അടങ്കൽ | 4,00,000/-(തനതു ഫണ്ട്) |
| ചെലവ് | 240800/- |
| ചെക്ക് നം. | 663621 തീയതി 05.12.2019 |

പഞ്ചായത്തിൽ കുടിവെള്ള വിതരണം നടത്തിയ ഇനത്തിൽ 2019-20 വർഷം 214076/- രൂപ ടെൻഡർ ലഭിച്ച ശ്രീ.അനമോൻ ഐസക്ക്, ഇടപ്പാറയിൽ എന്ന വ്യക്തിക്ക് 1376 കിലോമീറ്റർ കുടിവെള്ളം വിതരണം നടത്തിയതിന് ചെക്ക് നം. 663621 തീയതി 05.12.2019 പ്രകാരം നൽകിയിട്ടുണ്ട് (റിട്ടൻഷൻ 15000/-, ജി.പി.എസ്. ഘടിപ്പിച്ചതിന്റെ ചാർജ് – 4500/-, ജി.എസ്.ടി. – 4816/- , ആദായനികുതി – 2408/-രൂപ എന്നിവ കഴിച്ചുള്ള തുക). കിലോമീറ്ററിന് 175/- രൂപയാണ് ടെൻഡർ പ്രകാരമുള്ള നിരക്ക്. എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 25.03.2019 ലെ സി5-3097/2018 നമ്പർ ഉത്തരവ് പ്രകാരം ജില്ലാതലത്തിൽ റവന്യൂ, പഞ്ചായത്ത് അധികാരികൾക്ക് മോണിറ്ററിംഗ് നടത്തുവാൻ കഴിയുന്ന തരത്തിൽ ജി.പി.എസ്. സംവിധാനത്തോടുകൂടിയ വാഹനങ്ങളാണ് കുടിവെള്ള വിതരണത്തിനായി ഏർപ്പെടുത്തേണ്ടത്. വൌച്ചർ നമ്പർ 21900060 തീയതി 02.05.2019 പ്രകാരം 4500/- രൂപ ചെലവിൽ കുടിവെള്ള വിതരണത്തിനുള്ള വാഹനത്തിൽ ജി.പി.എസ്. ഘടിപ്പിച്ചിരുന്നു. വാട്ടർ സാംപിൾ ടെസ്റ്റ് ചെയ്ത് വിതരണയോഗ്യമാണെന്ന് സാക്ഷ്യപത്രം ലഭിച്ചിട്ടുള്ള കിണറ്റിൽ നിന്ന് തന്നെയാണ് കുടിവെള്ളം വിതരണം ചെയ്തിട്ടുള്ളതെന്ന് ഉറപ്പാക്കുന്നതിന് ഈ ദിവസങ്ങളിലെ വാഹനത്തിന്റെ ജി.പി.എസ്. ട്രാക്ക് റെക്കോർഡ് ഫയലിൽ ചേർത്തിട്ടില്ല. ട്രിപ്പ്ഷീറ്റിന്റെ അടിസ്ഥാനത്തിൽ തുക കൈമാറുകയാണ് ചെയ്തിരിക്കുന്നത്. വാഹനത്തിന്റെ ജി.പി.എസ്. ട്രാക്ക് റെക്കോർഡ് ഓഡിറ്റിന് ഹാജരാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 27.10.2021 ലെ 15ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ട്രാക്ക് റെക്കോർഡ് പ്രകാരമാണ് തുക നൽകിയിരുന്നതെന്നും ആയത് ഫയലിൽ ചേർത്തിട്ടുണ്ടെന്നുമാണ് മറുപടി ലഭ്യമാക്കിയത്. എന്നാൽ ട്രിപ്ഷീറ്റ് മാത്രമാണ് ഫയലിലുള്ളത്. ജി.പി.എസ്. ട്രാക്ക് റെക്കോർഡ് ലഭ്യമാക്കുന്നത് വരെ 214076/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-22 മൊബൈൽ ടവറുകളുടെ വസ്തുനികുതി പിരിച്ചെടുക്കാത്തത് സംബന്ധിച്ച്

സഞ്ചയ പ്രകാരം വസതു നികുതി പിരിവ് പരിശോധിച്ചതിൽ, താഴെപറയുന്ന സ്ഥാപനങ്ങളിൽ നിന്നും വസ്തുനികുതി പിരിച്ചെടുക്കാത്തതായി കാണുന്നു. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് നം. കെട്ടിട നം. | ഉടമസ്ഥൻെറ പേര് | സ്ഥാപനം | ഡിമാൻറ് 2019-20 (I&II Half) | റിമാർക്സ് |
|---|---|---|---|---|---|
| 1 | 5/763 | Reliance Infrastructure Private Limited P.I. Sasi | Reliance Infrastructure Private Limited | 10784<br>10783 | 2013-14 I& II Half<br>21567<br>2018-19 I Half<br>10784 |
| 2 | 12/644 | Reliance Telecom Infrastructure (P) Limited Saju | Reliance Telecom Infrastructure (P) Limited | 11517<br>11515 | 2013-14 I&II Half<br>23032<br>2018-19 I Half<br>11517 |
| 3 | 16/689/A | The Divisional Engineer George Varghese | BSNL Tower, Thattamugal | 14076<br>14075 | 2013-14 To 2018-19<br>168906<br>(President Of India യുടെ പേരിലുള്ള കെട്ടിടങ്ങൾക്ക് മാത്രമാണ് ഇളവ്നൽകിയിട്ടുള്ളത്) |
| 4 | 18/289/B | Manager, Indus Indus Towers Ltd. Scaria | Indus Towers | 17105<br>17104 | 2019-20<br>I&II Half |
| 5 | 18/367/B | Sub Divisional Engineer, Poulose | BSNL Mobile Services, Parayanchery | 14076<br>14075 | 2013-14 To 2018-19<br>168906<br>(President Of India യുടെ പേരിലുള്ള കെട്ടിടങ്ങൾക്ക് മാത്രമാണ് ഇളവ്നൽകിയിട്ടുള്ളത്) |
| | | ആകെ | | 135110 | 404712 |

ഇതു സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 25 )മറുപടിയായി തുകകൾ പിരിച്ചെടുക്കുന്നതാണെന്നും ബി.എസ്.എൻ.എൽ. ടവറിന് ആർ.ആർ. നടപടി സ്വീകരിച്ചിട്ടുള്ളതാണെന്നും മറുപടി നൽകിയിട്ടുണ്ട്. തുകകൾ പിരിച്ചെടുത്ത് വിവരം രേഖകൾ സഹിതം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-23 വാടക സംബന്ധിച്ച് ബൈലോ തയ്യാറാക്കി വാടക പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്.

വാടകയിനത്തിൽ താഴെപറയുന്ന പ്രകാരം കുടിശ്ശികയുള്ളതായികാണുന്നു.

2019-20

| കെട്ടിട നമ്പർ | വാടകക്കാരൻറെ പേര് | തുക |
|---|---|---|
| IX 367 | കെ.എ. യൂസഫ് | 2530 X 9 = 22770 |

മേൽ തുകകൾ സംബന്ധിച്ച തുടർനടപടി വിവരങ്ങൾ ലഭ്യമാക്കുവാനും പഞ്ചായത്ത് വക മുതലുകൾ ലേലം ചെയ്തുകൊടുക്കുന്നത് ( വാടക) സംബന്ധിച്ച് ബൈലോ തയ്യാറാക്കി രജിസ്ററർ ചെയ്തിട്ടുണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് ലഭ്യമാക്കുവാനും ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.29) മറുപടിയായി കുടിശ്ശിക സംബന്ധിച്ച് കത്ത് നൽകിയിട്ടുണ്ടെന്നും കുടിശ്ശിക ഈടാക്കി ഓഡിറ്റിൽ അറിയിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമങ്ങളിലെ 256 വകുപ്പ് പ്രകാരം വാടക സംബന്ധിച്ച് ബൈലോ ഉണ്ടാക്കി വാടക പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് പഞ്ചായത്ത് കമ്മിറ്റിയുടെയും ധനകാര്യസ്റ്റാൻഡിംങ് കമ്മിററിയുടെയും അടിയന്തിര ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## 1-24 പട്ടികജാതി കുടുംബങ്ങൾക്ക് വാട്ടർ കണക്ഷൻ-കണക്ഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 124/2020 |
| പ്രൊജക്റ്റിന്റെ പേര് | പട്ടികജാതി കുടുംബങ്ങൾക്ക് വാട്ടർ കണക്ഷൻ |
| നിർവ്വഹണോദ്യോഗസ്ഥ | അസി.സെക്രട്ടറി |
| അടങ്കൽ | 75000(എസ്.സി.പി.) |
| ചെലവ് | 14000 |

ഗാർഹിക കുടിവെള്ള കണക്ഷൻ എടുത്തതിന്റെ ചെലവ് തുക 7000/- രൂപ വീതം ചോതി കുഞ്ഞൻ (വാർഡ് 5)എന്ന വ്യക്തിക്ക് ബിൽ നമ്പർ115/28.9.19 പ്രകാരവും അമ്മിണി അയ്യപ്പൻ (വാർഡ് 5)എന്ന വ്യക്തിക്ക് ബിൽ നമ്പർ 136/28.10.19 പ്രകാരവും നൽകി. സ.ഉ.(കൈ)നം.22/2018/ത.സ്വ.ഭ.വ/14.02.18 പ്രകാരമുള്ള സബ്സിഡി മാർഗരേഖയിലെ ഖണ്ഡിക 6.6.2. പ്രകാരം വാട്ടർ കണക്ഷൻ എടുത്ത സർട്ടിഫിക്കറ്റ് വാട്ടർ അതോറിറ്റിയിൽ നിന്നും ഹാജരാകുന്ന മുറയ്ക്ക് ആണ് സബ്സിഡി അനുവദിക്കേണ്ടത്. എന്നാൽ വാട്ടർ കണക്ഷന് ഫീസ് അടച്ചതിന്റെ രസീത്, വാട്ടർ അതോറിറ്റിയുടെ വർക്ക് ഓർഡർ എന്നിവ മാത്രമേ ഫയലിൽ ഉള്ളൂ. കണക്ഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല. വാട്ടർ കണക്ഷൻ എടുത്ത സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതിന് വിധേയമായി 14,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-25 പട്ടികജാതി കുടുംബങ്ങൾക്ക് വാട്ടർ കണക്ഷൻ-ചെലവ് രേഖകൾ ഹാജരാക്കിയില്ല

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 180/2020(സ്പിൽ ഓവർ) |
| പ്രൊജക്റ്റിന്റെ പേര് | പട്ടികജാതി കുടുംബങ്ങൾക്ക് വാട്ടർ കണക്ഷൻ |
| നിർവ്വഹണോദ്യോഗസ്ഥ | അസി.സെക്രട്ടറി |
| അടങ്കൽ | 255500(എസ്.സി.പി.) |
| ചെലവ് | 90700 (ട്രഷറി ബിൽ നമ്പർ - 110/28.09.19 - ₹76,700/-, 185/02.12.19 – ₹14,000/-) |

പ്രൊജക്റ്റ് പ്രകാരം പട്ടികജാതി കുടുംബങ്ങൾക്ക് വാട്ടർ കണക്ഷൻ നൽകുന്നതിനായി 90,700/- രൂപ എസ്.സി.പി. ഫണ്ടിൽ നിന്നും ചെലവഴിച്ചു. ബിൽ നമ്പർ 1857/02.12.19 പ്രകാരം 14,000/- രൂപ ചെലവഴിച്ചതിന്റെ രേഖകൾ മാത്രം ഭാഗികമായി ഹാജരാക്കി. 76,700/- രൂപയുടെ ചെലവു രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ ഇത് പ്രകാരം ആർക്കെല്ലാമാണ് ആനുകൂല്യം നൽകിയതെന്ന വ്യക്തമല്ല. പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ച് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ ഗുണഭോക്തൃ ലിസ്റ്റ് ഹാജരാക്കിയില്ല. ചെലവ് രേഖകൾ ഭാഗികമായി മാത്രം ഹാജരാക്കിയതിനാൽ പ്രൊജക്റ്റ് പ്രകാരം ആകെ എത്ര ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയെന്ന് പരിശോധിക്കുവാൻ സാധിച്ചില്ല. ബിൽ നമ്പർ 185/02.12.19 പ്രകാരം 7000/- രൂപ സബ്സിഡി ലഭിച്ച പാറുക്കുട്ടി തങ്കപ്പൻ എന്ന വ്യക്തി വാട്ടർ കണക്ഷൻ എടുത്തതായുള്ള സർട്ടിഫിക്കറ്റ് വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിച്ചത് പരിശോധനയ്ക്കായി ഹാജരാക്കിയില്ല. ഇതേ ബിൽ പ്രകാരം കുഞ്ഞുമോൻ കെ.എം. എന്ന വ്യക്തിക്ക് കൂടി 7000/- രൂപ സബ്സിഡി നൽകിയിട്ടുണ്ട്. ടിയാന്റെ അപേക്ഷയും കണക്ഷൻ എടുത്ത സർട്ടിഫിക്കറ്റും പരിശോധനയ്ക്കായി ഹാജരാക്കിയില്ല. മേൽ വിഷയം സംബന്ധിച്ച് 26.10.21ൽ നൽകിയ 10/2019-20 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ഹാജരാക്കിയില്ല. ചെലവ് രേഖകൾ ഹാജരാക്കാത്തതിനാൽ പ്രൊജക്റ്റിൽ വകയിരുത്തി ചെലവഴിച്ച 90700/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-26 പട്ടികജാതി പെൺകുട്ടികൾക്ക് വിവാഹ ധനസഹായം

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 48/2020 |
| പ്രൊജക്റ്റിന്റെ പേര് | പട്ടികജാതി പെൺകുട്ടികൾക്ക് വിവാഹ ധനസഹായം |
| നിർവ്വഹണോദ്യോഗസ്ഥ | അസി.സെക്രട്ടറി |
| അടങ്കൽ | 14,62,760 (എസ്.സി.പി.) |
| ചെലവ് | 9,00,000 |

പ്രൊജക്റ്റ് പ്രകാരം 12 പട്ടികജാതി പെൺകുട്ടികൾക്ക് വിവാഹ ധനസഹായമായി 75,000/- രൂപ വീതം ആകെ 9,00,000/- രൂപ നൽകി. പ്രൊജക്റ്റ് പരിശോധനയിൽ കണ്ടെത്തിയ അപാകത ചുവടെ ചേർക്കുന്നു.

ബിൽ നമ്പർ 51/25.7.19 പ്രകാരം തങ്കമ്മ രാജു എന്നയാൾക്ക് മകളായ ശരണ്യമോൾ പി.ആർ.ന്റെ വിവാഹ ചെലവിലേക്കായി 75,000/-രൂപ നല്കി.വിവാഹ സർട്ടിഫിക്കറ്റ് പ്രകാരം 19.3.2018 ആണ് വിവാഹം നടന്ന തീയതി.

ധനസഹായത്തിനായി ടിയാൾ അപേക്ഷ പഞ്ചായത്തിൽ നൽകിയത് ഒരു വർഷത്തിന ശേഷം 16.4.19 ൽ ആണ്. സ.ഉ.(സാധാ)നം.2438/2018/ത.സ്വ.ഭ.വ. തീയതി 17.9.2018 പ്രകാരം വിവാഹ ധനസഹായത്തിനുള്ള അപേക്ഷ സമർപ്പിക്കുന്നതിനുള്ള കാലപരിധി 180 ദിവസമായി ദീർഘിപ്പിക്കുകയും പ്രസ്തുത കാലപരിധിക്കകം അപേക്ഷിക്കാത്ത കേസുകൾ പ്രത്യേകം പരിശോധിച്ച് അനുമതി നൽകാൻ ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറിയായ ജില്ലാ കളക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തു. മേൽ നമ്പർ സർക്കാർ ഉത്തരവിന വിരുദ്ധമായി ജില്ലാ കളക്ടറിൽ നിന്നും അനുവാദം വാങ്ങാതെയാണ് തുക അനുവദിച്ചത്.

മേൽ വിഷയം സംബന്ധിച്ച് നൽകിയ 18/2019-20 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചില്ല. ജില്ലാ കളക്ടറുടെ അനുമതി രേഖകൾ ഹാജരാക്കുന്നതു വരെ 75000/-രൂപ തടസപ്പെടുത്തുന്നു.

## 1-27 ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടവർക്ക് പോഷകാഹാര കിറ്റ് - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ.

2019-20 വർഷം ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടവർക്ക് പോഷകാഹാരം നൽകുന്നതിനായി അസി.സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥയായി ചുവടെ ചേർക്കുന്നതു പ്രകാരം രണ്ട് പ്രോജക്ടുകളാണ് വിഭാവനം ചെയ്ത് നടപ്പിലാക്കിയത്. ആശ്രയ കുടുംബങ്ങൾക്ക് നൽകുന്നതിനായി കുടുംബശ്രീ സി.ഡി.എസ്. ഫാൽക്കൻ മൾട്ടിപർപ്പസ് ഗ്രൂപ്പ്, തൃക്കളത്തൂർ എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയ ഭക്ഷ്യ ധാന്യങ്ങളുടെ വിവിധ ബില്ലുകൾ പ്രകാരം തുക അനുവദിക്കുകയാണ് ചെയ്തത്. വിശദ വിവരം താഴെ ചേർക്കുന്നു :-

| പ്രോജക്ട് നമ്പർ | പ്രൊജക്ടിന്റെ പേര് | ഫണ്ട് | അടങ്കൽ | ചെലവ് | ബിൽ നമ്പർ/തീയതി/തുക |
|---|---|---|---|---|---|
| 142/2020 (New) | ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടവർക്ക് പോഷകാഹാര പദ്ധതി | പൊതു വിഭാഗം വികസന ഫണ്ട് | 2,00,000 | 1,78,000 | 112/28.9.19-₹62,500<br>131/18.10.19-₹1,15,500 |
| 181/2020 (Spill Over) | --”-- | --”-- | 1,00,000 | 1,00,000 | 111/28.9.19-₹76500<br>130/18.10.19-₹23500 |
| ആകെ | | | 3,00,000 | 2,78,000 | |

സി.ഡി.എസ് സൂക്ഷിക്കുന്ന ആശ്രയ കിറ്റുകളുടെ വിതരണ രജിസ്റ്റർ പരിശോധനയ്ക്കായി ഹാജരാക്കി.കുടുംബത്തിലെ ആകെ അംഗങ്ങളുടെ എണ്ണം അടിസ്ഥാനമാക്കി 900, 700, 500 രൂപ നിരക്കിലുള്ള കിറ്റുകളാണ് നൽകുന്നത്. ഫാൽക്കൺ മൾട്ടി പർപ്പസ് ഗ്രൂപ്പിന്റെ 26.8.19 തീയതിയിലെ 3 ഇൻവോയ്സുകൾ പ്രകാരവും 27.9.19 തീയതിയിലെ മൂന്ന് ഇൻവോയ്സുകൾ പ്രകാരവുമാണ് രണ്ട് പ്രോജക്ടുകളിൽ ഉൾപ്പെടുത്തി സ്ഥാപനത്തിന് മേൽ പ്രകാരം തുക നൽകിയത്. ഇൻവോയ്സുകൾ പ്രകാരം ലഭ്യമായ സാധനങ്ങൾ ഉപയോഗിച്ച് നൽകിയ കിറ്റുകളുടെ എണ്ണവും ഓരോ തരം കിറ്റിലും ഉൾപ്പെടുത്തിയ ഓരോ ഇനം ഭക്ഷണ സാധനത്തിന്റെ തൂക്കവും പ്രത്യേകം വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ഇക്കാര്യങ്ങൾ രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.

വിതരണ രജിസ്റ്ററിൽ വാർഡ് അടിസ്ഥാനത്തിലാണ് ഗുണഭോക്താക്കളുടെ വിവരം ചേർത്തിരിക്കുന്നത്. എന്നാൽ കിറ്റുകൾ മൊത്തമായി സി.ഡി.എസ്. അംഗങ്ങൾ കൈപ്പറ്റി രജിസ്റ്ററിൽ ഒപ്പിട്ട് കിറ്റുകൾ പിന്നീട് വീട്ടുകളിൽ കൊണ്ടു പോയി ഗുണഭോക്താക്കൾക്ക് നൽകുകയാണ് നിലവിൽ ചെയ്യുന്നത്. കിറ്റ് നൽകുമ്പോൾ ഓരോ ഗുണഭോക്താവിന്റെയും കൈപ്പറ്റ് വിവരം പ്രത്യേകം വാങ്ങി രജിസ്റ്ററിൽ ചേർത്ത് സൂക്ഷിക്കേണ്ടതാണ്.

## 1-28 പട്ടികജാതിക്കാർക്ക് പി.വി.സി വാട്ടർ ടാങ്ക് - തുക ചെലവഴിച്ചതിന്റെ വിവരം

| | |
|---|---|
| പ്രൊജക്ട് നമ്പർ | 183/2020 |
| പ്രൊജക്ടിന്റെ പേര് | പട്ടികജാതിക്കാർക്ക് പി.വി.സി.വാട്ടർ ടാങ്ക് |
| നിർവ്വഹണോദ്യോഗസ്ഥ | അസി.സെക്രട്ടറി |
| അടങ്കൽ | 167425 (എസ്.സി.പി.)<br>2000 (തനത് ഫണ്ട്)<br>56325 (ഗുണഭോക്തൃ വിഹിതം)<br>225750 – ആകെ |
| ചെലവ് | 126453 (എസ്.സി.പി.)<br>18450 (ഗുണഭോക്തൃ വിഹിതം)<br>144903 (ആകെ ചെലവ്) |

പട്ടികജാതി വിഭാഗക്കാർക്ക് പി.വി.സി വാട്ടർ ടാങ്ക് നൽകുന്നതിനായി 2018-19 വർഷം വിഭാവനം ചെയ്ത പ്രൊജക്ട് പ്രകാരം ടെൻഡർ മുഖേന Style N Smooth Import Export Ltd., വാളകം എന്ന സ്ഥാപനത്തിൽ നിന്നാണ് ഒരു ടാങ്കിന് 2450/- രൂപ നിരക്കിൽ ടാങ്കുകൾ വാങ്ങിയത്. സ്ഥാപനത്തിൽ നിന്നും ലഭിച്ച ചുവടെ ചേർക്കുന്ന 5 ഇൻവോയ്സുകളാണ് ഫയലിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

| ക്രമനമ്പർ | ഇൻവോയ്സ് നമ്പർ/തീയതി | തുക | ലഭ്യമായ ടാങ്കുകളുടെ എണ്ണം |
|---|---|---|---|
| 1 | S 113/26.2.19 | 2450/- | 1 |
| 2 | S 140/20.3.19 | 53900/- | 22 |
| 3 | S 141/20.3.19 | 53900/- | 22 |
| 4 | S 187/01.7.19 | 73500/- | 30 |
| 5 | S 209/12.7.19 | 29400/- | 12 |

| | ആകെ | 2,13,150/- | 87 |
|---|---|---|---|

2019-20 വർഷം എസ്.സി.പി.ഫണ്ടിൽ നിന്നും ചുവടെ ചേർക്കുന്നതു പ്രകാരമാണ് തുക ചെലവഴിച്ചിട്ടുള്ളത്.

| ക്രമ നമ്പർ | ബിൽ നമ്പർ/തീയതി | തുക |
|---|---|---|
| 1 | 36/09.7.19 | 55050 |
| 2 | 394/13.3.20 | 42003 |
| 3 | 133/26.10.19 | 29400 |
| | ആകെ | 126453 |

സുലേഖ ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരം 30 പേരുടെ ഗുണഭോക്തൃ വിഹിതം 18450/- രൂപ ഈടാക്കിയിട്ടുണ്ട്. 2450/- രൂപയുടെ 25% തുക റൗണ്ട് ചെയ്ത് 615/- രൂപയാണ് ഗുണഭോക്തൃ വിഹിതമായി കണക്കാക്കിയിട്ടുള്ളത്. ടി തുക തനത് ഫണ്ട് ചെക്ക് നമ്പർ 1508847/15.07.19 പ്രകാരം സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. പദ്ധതി നിർവ്വഹണം സംബന്ധിച്ച് ചുവടെ ചേർക്കുന്ന കാര്യങ്ങൾക്ക് മറുപടി ഹാജരാക്കുവാൻ ആവശ്യപ്പെട്ടു കൊണ്ട് 27.10.21ൽ നൽകിയ 16/2019-20 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ഹാജരാക്കിയില്ല.

1) ഏതെല്ലാം ഇൻവോയ്സുകൾ പ്രകാരമുള്ള തുകയാണ് 2019-20 വർഷം എസ്.സി.പി. ഫണ്ടിൽ നിന്നും സ്ഥാപനത്തിന് നൽകിയത് എന്ന വിവരം.

2) സ്പിൽ ഓവർ പ്രൊജക്ട് ആയതിനാൽ പ്രൊജക്ട് പ്രകാരം 2018-19 വർഷം എസ്.സി.പി. ഫണ്ടിൽ നിന്നും സ്ഥാപനത്തിന് നൽകിയ തുകയുടെ വിവരം. 2018-19 വർഷം ഗുണഭോക്തൃ വിഹിതം ഈടാക്കിയത് സ്ഥാപനത്തിന് നൽകിയ വിവരം.

3) 2018-19 വർഷം എസ്.സി.പി.ഫണ്ടിൽ നിന്നും തുക അനുവദിച്ച നൽകിയതിന് അടിസ്ഥാനമാക്കിയ ഇൻവോയ്സുകളുടെ വിവരം.

4)2018-19 വർഷത്തെ പ്രൊജക്ട് ആയതിനാൽ 2018-19 വർഷത്തെ അംഗീകൃത ഗുണഭോക്തൃ ലിസ്റ്റ് പ്രകാരമാണ് തുടർന്നുള്ള വർഷത്തിലും ആനുകൂല്യം നൽകേണ്ടത്.ടി ലിസ്റ്റ് ഹാജരാക്കിയില്ല.

5) പ്രൊജക്ടിൽ ഉൾപ്പെടുത്തി 2019-20 വർഷം ടാങ്ക് നൽകിയവരുടെ കൈപ്പറ്റു രേഖ കാണിക്കുന്ന വിതരണ രജിസ്റ്റർ ഹാജരാക്കിയില്ല.

6)2018-19 വർഷം പ്രൊജക്ടിൽ ഉൾപ്പെടുത്തി ആനുകൂല്യം നൽകിയ ഗുണഭോക്താക്കളുടെ പേരുവിവരങ്ങൾ അറിയിച്ചിട്ടില്ല.

മേൽ വിവരങ്ങൾ ലഭ്യമാക്കാത്തതിനാൽ ചെലവ് തുക 1,44,903/- രൂപ ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട് പരിശോധന നടത്തിയിട്ടുള്ളത്. | | |

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂറായി തുക നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തി | ബിൽ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 173/20,സ്ട്രീറ്റ് ടാപ്പുകൾ കട്ട് ചെയ്യുന്നതിന് അതോറിറ്റിയിൽ തുക നിക്ഷേപിക്കൽ (O/b- 2550000) | 3158006/04.10.19 | 295000 | - | 295000 |

## 4-3 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| | വിഹിതം നൽകിയ സ്ഥാപനം | മുന്നിരിപ്പ് | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ട് | ചെലവ് | ബാലൻസ് | |
|---|---|---|---|---|---|---|---|---|
| | | | | | | | ബ്ലോക്ക് പഞ്ചായത്ത് | ജില്ലാ പഞ്ചായത്ത് |
| 1 | ബ്ലോക്ക്പഞ്ചായത്ത് | 1651048 | 2019-20 | 3000000 | 63/20, ലൈഫ് സമ്പൂർണ്ണ ഭവനപദ്ധതി (ജനറൽ) | 780000 | | |
| 2 | ജില്ല പഞ്ചായത്ത് | 5400000 | | | | 0 | | |
| 3 | ബ്ലോക്ക്പഞ്ചായത്ത്' | 0 | 2019-20 | 1000000 | 67/20, ലൈഫ് സമ്പൂർണ്ണ ഭവനപദ്ധതി (എസ്.സി) | 1915976 | | 0 |
| 4 | ബ്ലോക്ക്പഞ്ചായത്ത് | 0 | 2019-20 | | 280/20, ലൈഫ് സമ്പൂർണ്ണ ഭവനപദ്ധതി(എസ്.ടി) | 120500 | | 0 |
| 5 | ബ്ലോക്ക്പഞ്ചായത്ത് | | 2019-20 | 5000000 | 311/20, ലൈഫ്ഭവനപദ്ധതി മൂന്നാം ഘട്ടം(ജനറൽ) | 2400000 | | 0 |
| 6 | ജില്ലാ പഞ്ചായത്ത് | | 2019-20 | | 311/20, ലൈഫ്ഭവനപദ്ധതി മൂന്നാം ഘട്ടം (ജനറൽ) | 2995000 | | 7505000 |
| 7 | ബ്ലോക്ക്പഞ്ചായത്ത് | | 2019-20 | | 313/20, ലൈഫ്ഭവനപദ്ധതി മൂന്നാംഘട്ടം (എസ്.സി) | 450000 | | |
| 8 | ജില്ല പഞ്ചായത്ത് | | 2019-20 | | 313/20, ലൈഫ്ഭവനപദ്ധതി മൂന്നാംഘട്ടം (എസ്.സി) | 225000 | | 1175000 |
| 9 | ബ്ലോക്ക്പഞ്ചായത്ത് | | 2019-20 | 375000 | 4/20 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 375000 | | |
| 10 | ജില്ല പഞ്ചായത്ത് | | 2019-20 | | 4/20 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 375000 | | 0 |
| 11 | ജില്ല പഞ്ചായത്ത് | | 2019-20 | | 59/20 ക്ഷീരസംഘത്തിൽ നൽകുന്ന പാലിന് സബ്ഡിഡി | 100000 | | 0 |
| 12 | ബ്ലോക്ക്പഞ്ചായത്ത് | | 2019-20 | 500000 | 92/20 കമർത-പരത്തുവയൽ റോഡ്-സെക്കന്റ് റീച്ച് | 500000 | | |
| 13 | ജില്ല പഞ്ചായത്ത് | | 2019-20 | | 262/20 ആക്കാംപാറ കോളനി നവീകരണം | 1231444 | | |
| 14 | ജില്ല പഞ്ചായത്ത് | | 2019-20 | | 253/20 ഏത്തക്കാട്ടിൽ കോളനി നവീകരണം | 2082845 | 4204572 | 2085711 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നല്കിയതിന്റെ വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ ഹഡ്കോ ലോൺ (KURDFC) വഴി ലഭിച്ചത്) | - | - | *9780000 | 926470 | - | 8853530 |
| ഇ.എം.എസ്. – ലോൺ | | | 869327 | 869327 | - | 0 |

*മുന്നിരിപ്പ്- 5280000 +
തൻവർഷത്തെ വരവ്- 4500000

## 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന നിക്ഷേപം | 1,96,870 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| പലിശ ലഭിച്ചത് | 13,525 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 2,10,395 |

## 4-7 ഓഡിറ്റ് റിക്കവറി

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ/തീയതി |
|---|---|---|---|---|---|
| 1 | 2015-16 | 2-2(1) | 1350/- | ശ്രീ എം.എൻ മോഹനൻ സെക്രട്ടറി | 119030100682/06.05.19 |
| 2 | 2015-16 | 2-2(2) | 750/- | ശ്രീ എം.എൻ മോഹനൻ സെക്രട്ടറി | 119030100688/06.05.19 |
| 3 | 2015-16 | 3-1 | 2000/- | ശ്രീ യു.കെ.സുരേന്ദ്രൻ അസി.സെക്രട്ടറി | 119030100693/07.05.19 |
| 4 | 2015-16 | 3-1 | 3000/- | ശ്രീ യു.കെ.സുരേന്ദ്രൻ അസി.സെക്രട്ടറി | 119030100695/01.07.19 |
| 5 | 2015-16 | 3-1 | 5000/- | ശ്രീ യു.കെ.സുരേന്ദ്രൻ അസി.സെക്രട്ടറി | 119030102181/25.07.19 |
| 6 | 2017-18 | 3-3 | 3130/- | ശ്രീ വിനോദ്.വി.ഡി., അസിസ്റ്റന്റ് എൻജിനീയർ | 119030102479/17.08.19 |
| 7 | 2000-01 | 40 | 148/- | അസിസ്റ്റന്റ് എൻജിനീയർ | 119030103281/17.08.19 |
| 8 | 2006-07 | 2-3 | 1000/- | സെക്രട്ടറി | 119030103285/04.10.19 |
| 9 | | 2-3 | 1500/- | സെക്രട്ടറി | 119030103749/26.10.19 |
| 10 | 2001-02 | 9 | 3413/- | വിവരങ്ങൾ ലഭ്യമല്ല | 119030103749/01.11.19 |
| 11 | 2013-14 | 2-1(2) | 1500/- | പവിത്രൻ വി.എൻ.,മേഘ ഗ്രാനൈറ്റ്സ് | 119030104080/08.11.19 |
| 12 | 2006-07 | 2-2 | 48/- | സെക്രട്ടറി | 119030104201/16.11.19 |
| 13 | 2006-07 | 3-1 | 403 | സെക്രട്ടറി | 119030104202/16.11.19 |
| 14 | 2003-04 | 3-5 | 50000 | അസിസ്റ്റന്റ് എൻജിനീയർ | 119030105413/16.12.19 |
| 15 | 2000-01 | 40 | 510 | വിവരങ്ങൾ ലഭ്യമല്ല | 119030105355/21.12.19 |
| 16 | 2000-01 | 40(90) | 260 | വിവരങ്ങൾ ലഭ്യമല്ല | 119030105486/26.12.19 |
| 17 | വിവരങ്ങൾ ലഭ്യമല്ല | വിവരങ്ങൾ ലഭ്യമല്ല | 31550 | ശ്രീ സുഭാഷ് മാമലശേരി, സെക്രട്ടറി | 119020900099/31.03.20 |
| ആകെ | | | 1,05,562/- | | |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശങ്ങൾ

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 37 | 2002-03 | Vii.1.7.10(i) | വീട് മെയിന്റനൻസിന് ഉണഭോക്താക്കൾക്ക് നേരിട്ട് തുക നൽകിയത് | സർക്കാർ സാധൂകരണം ലഭിക്കുന്നതിന് 28/11/2019 ൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |
| 1999-00 2001-02 | 32 | 2002-03 | Vii.1.7.10(i) | | |
| 2014-15 | 2-2 | 2016-17 | | തൊഴിൽ നികുതി സംബന്ധിച്ച് | തൊഴിൽ നികുതി ഈടാക്കി. റിപ്പോർട്ട് 06/05/19 തീയതി ബഹു.ജോയിന്റ് ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , എറണാകുളം ഓഫീസിൽ അയച്ചിട്ടുണ്ട്. മറുപടി ലഭ്യമായില്ല. |
| 2015-16 | 2-2 | 2016-17 | | | |

## 4-9 ചാർജ്-സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 10,14,62,107 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 9,36,69,552 |
| വരവിനങ്ങളിലുള്ള നഷ്ടം | ---- |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ----- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 8,33,679 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 2,95,000 | ജഗദീഷ് എം.പി., സെക്രട്ടറി |
| 1-21 | 2,14,076 | ജഗദീഷ് എം.പി., സെക്രട്ടറി |
| 1-24 | 14,000 | റോഷിൻ കോശി, അസി.സെക്രട്ടറി |
| 1-25 | 90,700 | റോഷിൻ കോശി കെ., അസി.സെക്രട്ടറി |
| 1-26 | 75,000 | സേതു എം.ആർ., അസി.സെക്രട്ടറി |
| 1-28 | 1,44,903 | 55,050/- സേതു എം.ആർ., അസി.സെക്രട്ടറി<br>89,853/- റോഷിൻ കോശി കെ., അസി.സെക്രട്ടറി |
| | 8,33,679 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ജഗദീഷ് എം പി,<br>സെക്രട്ടറി | സെക്രട്ടറി,<br>മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്ത് | മംഗലത്ത്, കടാതി പി ഒ,<br>മൂവാറ്റുപുഴ |
| റോഷിൻ കോശി കെ,<br>അസി.സെക്രട്ടറി | അസി.സെക്രട്ടറി,<br>മഴവന്നൂർ ഗ്രാമപഞ്ചായത്ത് | കൈത്താക്കുടിഹൗസ്,<br>കീഴില്ലം പി ഒ, മണ്ണൂർ |
| സേതു എം ആർ,<br>അസി.സെക്രട്ടറി | അസി.സെക്രട്ടറി,<br>മുടക്കുഴ ഗ്രാമപഞ്ചായത്ത് | കൊല്ലമ്മാവുടി,<br>കോട്ടപ്പടി പി ഒ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1995-96 | കെ.എസ്.എ(ഇ.കെ.എം)പി1 721/2015.തീ.23.9.2015/19.10.15 | 1 |
| 1996-97 | കെ.എസ്.എ(ഇ.കെ.എം)പി1 721/2015.തീ.23.9.2015/19.10.15 | 3 |
| 1997-98 | കെ.എസ്.എ(ഇ.കെ.എം)പി1 721/2015.തീ.23.9.2015/19.10.15 | 6 |
| 1998-99 | കെ.എസ്.എ(ഇ.കെ.എം)പി1 721/2015.തീ.23.9.2015/19.10.15 | 6 |
| 1999-00 | കെ.എസ്.എ(ഇ.കെ.എം)പി1 721/2015.തീ.23.9.2015/19.10.15 | 4 |
| 2000-01 | കെ.എസ്.എ(ഇ.കെ.എം)പി1 721/2015.തീ.23.9.2015/19.10.15 | 2 |
| 2001-02 (പദ്ധതി) | കെ.എസ്.എ(ഇ.കെ.എം)പി1 721/2015.തീ.23.9.2015/19.10.15 | 3 |
| 2002-03 | കെ.എസ്.എ(ഇ.കെ.എം)പി1 721/2015.തീ.23.9.2015/19.10.15 | 1 |
| 2003-04 | കെ.എസ്.എ(ഇ.കെ.എം)പി1 721/2015.തീ.23.9.2015/19.10.15 | 3 |

| | | |
|---|---|---|
| 2005-06 | കെ.എസ്.എ(ഇ.കെ.എം)പി1 1509/2015.തീ.15.03.2016 | 6 |
| 2006-07 | എൽ.എഫ്.ഇ(പി1)139/09, 15.06.10/06.07.10 | 24 |
| 2007-08 | എൽ.എഫ്.ഇ(പി1)140/09, 17.08.2010 | 27 |
| 2008-09<br>2009-10<br>2010-11 | കെ.എസ്.എ(ഇ.കെ.എം)പി1 1522/2015.തീ.28.01.2016 | 14 |
| 2011-12<br>2012-13 | കെ.എസ്.എ(ഇ.കെ.എം)പി1 255/2015.തീ.28.07.2015 | 14 |
| 2013-14 | കെ.എസ്.എ(ഇ.കെ.എം)പി1 640/2016.തീ.20.09.16 | 8 |
| 2014-15 | കെ.എസ്.എ(ഇ.കെ.എം)പി1 183/2017.തീ.22.02.2017 | 8 |
| 2015-16 | കെ.എസ്.എ(ഇ.കെ.എം)പി1 2246/2016.തീ.17.01.2017 | |
| 2016-17 | കെ.എസ്.എ-ഇ.കെ.എം(പി1) 1665/2017, തീ.18.04.2018 | 16 |
| 2017-18 | കെ.എസ്.എ-ഇ.കെ.എം(പി1) 2192/2018, തീ.31.10.2018 | 12 |
| 2018-19 | കെ.എസ്.എ-ഇ.കെ.എം(പി1) 2/2020, തീ. 25/01/2020 | 5 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ മഴുവന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ മഴുവന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്